# മുതലക്കോടം പള്ളി: ഒരു ചരിത്രാവലോകനം

റവ. ഡോ. ജോർജ്ജ് കുരുക്കൂർ

പ്രാചീന കീഴ്മലൈനാടിന്റെ തലസ്ഥാനമായിരുന്ന കാരിക്കോടിനു തൊട്ടടുത്തുള്ള സ്ഥലമാണു മുതലക്കോടം. പൗരാണിക കാലത്തുണ്ടായിരുന്ന ചേരചോളപാണ്ഡ്യനാടുകൾ ചേർന്ന തമിഴകത്തിന്റെ 16 നാടുകളിൽ ഒന്നായിരുന്നു കീഴ്മലൈനാട്.[1] അതിനു പടിഞ്ഞാറുവശത്ത് വെമ്പൊലിനാടും വടക്കുവശത്ത് കാൽക്കരൈനാടും തെക്കുവശത്ത് മുഞ്ഞുനാടുമായിരുന്നു. കുറിഞ്ഞി, പാലൈ, മുല്ലൈ, മരുതം, നെയ്തൽ എന്നിങ്ങനെയുള്ള ഭൂവിഭജനം കേരളത്തിനു ചേർന്നതാണ്.[2]

കീഴ്മലൈനാട് ഇന്നത്തെ മൂവാറ്റുപുഴ തൊടുപുഴ താലൂക്കുകൾ ചേർന്ന പ്രദേശമായിരുന്നു. മലയുടെ (സഹ്യ പർവതത്തിന്റെ) താഴെയുള്ള പ്രദേശമെന്നാണ് കീഴ്മലൈനാട് എന്ന തമിഴ്പ്പേരിന്റെ അർത്ഥം. ഇന്നത്തെ വൈക്കം മീനച്ചിൽ പ്രദേശങ്ങൾ ചേർന്ന വെമ്പൊലിനാട് ഏ.ഡി. 1110-ൽ തെക്കുംകൂറ് വടക്കുംകൂറ് എന്നിങ്ങനെ രണ്ടു കൂറുകളായി തിരിഞ്ഞു.[3]

കീഴ്മലൈനാടിന്റെ ഭരണാധിപനെ കീഴ്മലൈനായിരിയെന്നും കീഴ്മലൈയാതിരിയെന്നും വിളിച്ചിരുന്നു. ഇടപ്പള്ളി (ഇളംകല്ലൂർ) സ്വരൂപത്തിന്റെ ഭരണാധികാരിയെയും ഇപ്രകാരം വിളിച്ചിരുന്നതായി ചില രേഖകളിൽ കാണാം. കീഴ്മലൈനാടിന്റെ ഒരു ഭരണാധിപന്റെ പേര് മാളുവക്കോനാൻ എന്നായിരുന്നു. അദ്ദേഹം ഏ.ഡി. 1004-ൽ തിരുവല്ലാ ക്ഷേത്രത്തിലേക്ക് നെൽവാതിൽ എന്ന ചേരിക്കൽ വസ്തു നല്കിയിട്ടുണ്ട്.[4]

ആദിമകാലത്ത് കീഴ്മലൈനാടിന്റെ തലസ്ഥാനം കോതമംഗലമോ തൃക്കാരിയൂരോ ആയിരുന്നിരിക്കാം. രണ്ടാം ചേരസാമ്രാജ്യ തലസ്ഥാനം രാമവർമ്മകുലശേഖരൻ 1102-ൽ കൊല്ലത്തേക്ക് മാറ്റി.[5] അതിനു ശേഷമായിരിക്കാം കാരിക്കോട് ആസ്ഥാനമാക്കിയതും കീഴ്മലൈനായിരി സ്വതന്ത്രഭരണം തുടങ്ങിയതും (പണ്ട് നാടുകൾ ഒരു ഫെഡറേഷന്റെ ഭാഗങ്ങൾ മാത്രമായിരുന്നു).

ക്ഷേത്രമോ കൊട്ടാരമോ ഉള്ള സ്ഥലങ്ങളുടെ പേരുകളോട് തിരു (തൃ) എന്ന വിശേഷണം ചേർക്കും. അങ്ങനെ തിരുക്കാരിയൂർ, തിരുപ്പൂണിത്തുറ എന്നൊക്കെ സ്ഥലപ്പേരുകളുണ്ടായി. (തിരു + കാരി + ഊര് = തൃക്കാരിയൂർ; കാരി + കോട് = കാരിക്കോട്).

കാരി, കോട് എന്നിവ ചേർന്ന ധാരാളം സ്ഥലപ്പേരുകൾ കേരളത്തിലും തമിഴ്നാട്ടിലും കർണാടകത്തിലുമുണ്ട്. ആന്ധ്രയിലും ഗുജറാത്തിലും അവ കാണാം. കോട് എന്നതിന് പ്രദേശമെന്നർത്ഥം. കാരിയെന്ന ദ്രാവിഡപദത്തിന് ശാസ്താവ് (ശ്രീബുദ്ധൻ) ബുദ്ധഭിക്ഷു, സ്വതന്ത്രഭരണം നടത്തുന്ന നേതാവ് എന്നൊക്കെ അർത്ഥമുണ്ട്.[6] ബി.സി. ആറാം നൂറ്റാണ്ടിലുണ്ടായ ബുദ്ധമതം ബി.സി. മൂന്നാം നൂറ്റാണ്ടുമുതലെങ്കിലും തമിഴ്നാട്ടിലും കേരളത്തിലും സിലോണിലും വ്യാപിച്ചിരുന്നുവെന്നു കരുതാം.[7]

കീഴ്മലൈനാട് മറ്റുപല നാടുകളെക്കാളും വിപുലമായിരുന്നു. അതു ഭരിക്കാൻ 600 പേർ ചേർന്ന സംഘം (ആറുനൂറ്റുവർ) ഉണ്ടായിരുന്നു. കൊല്ലത്തും കാൽക്കരെ നാട്ടിലും അറുനൂറ്റുവരുണ്ടായിരുന്നു. വേണാട്, ഓടനാട്, നന്റുഴൈനാട് എന്നിവയ്ക്ക് മൂന്നുറുപേർ ചേർന്ന സംഘങ്ങളേ ഉണ്ടായിരുന്നുള്ളൂ.[8]

**വ്യാപാരവും വ്യാപാരപാതകളും**

ചരിത്രാതീതകാലം മുതൽ ഏലം, കറുവാപ്പട്ട, കുരുമുളക്, ചുക്ക് മുതലായ സുഗന്ധദ്രവ്യങ്ങളും തേക്ക്, ഈട്ടി, ചന്ദനം മുതലായ തടികളും മയിൽ, കുരങ്ങ് മുതലായ ജീവികളും മയിൽപ്പീലി, മുത്ത് മുതലായ വസ്തുക്കളും കേരളത്തിൽ നിന്ന് വിദേശരാഷ്ട്രങ്ങളിലേക്ക് അയച്ചിരുന്നു.[9] ഈ വ്യാപാരത്തിന്റെ ഒരു പ്രധാന സ്ഥാനമായിരുന്നു കീഴ്മലൈനാട്. ദേശീയ-അന്തർദ്ദേശീയവ്യാപാരത്തിൽ കാരിക്കോട് ഒരു പ്രധാന കണ്ണിയായിരുന്നു.

കീഴ്മലൈനാടിന്റെയും കാരിക്കോടിന്റെയും പ്രാധാന്യം വനവിഭവങ്ങൾ, സുഗന്ധദ്രവ്യങ്ങൾ എന്നിവയുടെ വ്യാപാരം മൂലമുണ്ടായതാണ്. കുരുമുളകിന് "കറുത്ത പൊന്ന്" എന്നാണ് യൂറോപ്യൻ ചരിത്രകാരന്മാർ പേരിട്ടിരിക്കുന്നത്. അതാണു ലേകചരിത്രത്തെ നയിച്ചതെന്നും അവർ പറയുന്നു. ഗ്രീക്കുകാർക്ക് ഇഷ്ടപ്പെട്ടത് എന്ന അർത്ഥത്തിൽ യവപ്രിയ എന്ന് സംസ്കൃതത്തിൽ അതു വിളിക്കപ്പെടുന്നു. ഗോത്ത് രാജാവായ അലാ

റിക്ക് ഏ.ഡി. 408-ൽ റോം ആക്രമിച്ചപ്പോൾ തലസ്ഥാനനഗരം നശിപ്പിക്കാതിരിക്കണമെങ്കിൽ 3000 പൗണ്ട് കുരുമുളകും മറ്റുചില സാധനങ്ങളും നല്കണമെന്ന് ആവശ്യപ്പെട്ടു. ചൈനാക്കാർ ദിവസംതോറും 43 ചുമട് കുരുമുളക് വാങ്ങിക്കുന്നുണ്ടെന്ന് ചീനാചക്രവർത്തിയായ കുബ്ളൈഖാന്റെ ചുങ്കം ഉദ്യോഗസ്ഥൻ ഹാങ്ചോവ് നഗരത്തിൽവച്ച് മാർക്കോപോളോ എന്ന ലോകസഞ്ചാരിയോടു പറഞ്ഞു. ഒരു ചുമട് എന്നത് 243 പൗണ്ടാണ്. അങ്ങനെ 10449 പൗണ്ടു കുരുമുളക് ഒരു ദിവസം വാങ്ങുന്നു.[10]

വ്യാപാരപാതകൾ കീഴ്മലൈനാടിന്റെ ജീവനാഡിയായിരുന്നു. സഹ്യപർവതം കടന്നു തമിഴ്നാട്ടിലേക്കു പോകുന്ന പതിനാറ് വ്യാപാരപാതകളുണ്ടെന്നും അവയിൽ രണ്ടെണ്ണം ഇപ്പോഴും ഉപയോഗിക്കുന്നുവെന്നും 1816-1820 കാലത്ത് വാർഡ്, കോണർ എന്ന സൈനികോദ്യോഗസ്ഥർ നടത്തിയ സർവേയിൽ പറയുന്നുണ്ട്.[11] വൈക്കം കായൽ മുതൽ തുടങ്ങുന്ന ഒരു സുപ്രധാന പാത കാരിക്കോട് വന്നിട്ട് മൂന്നായിപിരിഞ്ഞ് സഹ്യ പർവതം കടന്നു തമിഴ്നാട്ടിലെത്തിയിരുന്നു. ഒരെണ്ണം മുതലക്കോടം കരിമണ്ണൂർ ഉടുമ്പന്നൂർ കൂടിപോകുന്നു. മറ്റേത് ആലക്കോടു കൂടി വനത്തിലേക്കു നീങ്ങുന്നു. ഒരു ശാഖ കാരിക്കോട്ടുനിന്ന് മൈലക്കൊമ്പുകൂടി കോത മംഗലത്തേക്ക് എത്തിച്ചേർന്നിരുന്നു. കോതമംഗലത്തുനിന്നു സഹ്യപർവതം കടന്നുപോകുന്ന പാതയും ആധു നികകാലം വരെ ഉപയോഗിച്ചിരുന്നുവെന്നതിനു തെളിവുണ്ട്. യൂറോപ്യന്മാർ വന്നു കുരുമുളക് വാങ്ങിച്ചു തുടങ്ങിയപ്പോൾ കുരുമുളകും ചുക്കും മറ്റും പടിഞ്ഞാറേ കടൽത്തീരത്തേക്ക് ഒഴുകി. തമിഴ്നാട്ടിലേക്ക് മലയി ലൂടെ കൊണ്ടുപോകുന്ന പതിവു നിലച്ചു.

**കാരിക്കോടും തൊടുപുഴയാറും**

തോടുപോലുള്ള പുഴയാണു തൊടുപുഴ. പുഴയെന്ന തമിഴ് വാക്കിന് ഇടുങ്ങിയ വഴി, വാതിൽ, ചെറിയ നദി എന്നൊക്കെ അർത്ഥമുണ്ട്. ഏ.ഡി. 1000, 1341, 1822, 1924 എന്നീ വർഷങ്ങളിലെ കൊടുംമഴ മൂലമാണ് അത് ഒരു നദിയായിത്തീർന്നത്. എന്നാലും മൂലമറ്റം പവർഹൗസിൽ നിന്നു വെള്ളം ഒഴുക്കുന്നതുവരെ വേനൽക്കാ ലത്ത് തൊടുപുഴയാറ്റിൽ വെള്ളമുണ്ടായിരുന്നില്ല. വൈക്കത്തുനിന്ന് മൂവാറ്റുപുഴ വരെ മാത്രമേ വലിയ വള്ള ങ്ങൾ ഓടിക്കാൻ കഴിഞ്ഞിരുന്നുള്ളൂ. ഈ വിവരം ആരക്കുഴപള്ളിയുടെയും മഠത്തിന്റെയും ചരിത്രത്തിൽ നിന്നു വ്യക്തമാണ്. പിറവം മുതൽ ആ യാത്ര ദുഷ്കരമായിരുന്നുതാനും. അതുകൊണ്ടാണ് സഹ്യപർവതം കടന്നുപോകുന്ന കരവഴികൾക്ക് ഏറെ പ്രാധാന്യമുണ്ടായിരുന്നത്. പതിനെട്ടാം നൂറ്റാണ്ടിലെ കൊടുംവരൾച്ച യുടെ കാലത്ത് അരിക്കുഴയിലെ ഉണ്ണിക്കയത്തിലും ആരക്കുഴമൂഴിയിലും മാറാടിയിലെ കോട്ടക്കയത്തിലും കിണർകുത്തി. വേളൂരിൽ കാളിയാറ്റിൽ എട്ടുകിണറുകൾ കുത്തിയിരുന്ന സ്ഥലമാണ് "എട്ടുകിണർ" എന്നറി യപ്പെടുന്നത്.

ഇന്നത്തെ തൊടുപുഴ മൂവാറ്റുപുഴ റോഡ് പൗരാണികകാലത്തെ ആനച്ചാലായിരുന്നു. ആനകൾ മൂവാറ്റുപുഴ യിൽവന്ന് കുടിക്കുകുയം കുളിക്കുകുയം ചെയ്തിരുന്നു. അത് വ്യാപാരവഴിയായി മാറിയതും നീലിയാറ്റിലെ വേനൽക്കാലവരൾച്ച മൂലമാണ്.[12] തൊടുപുഴയാറിന്ന് നീലിയാറ് എന്നാണ് മൂവാറ്റുപുഴക്കാർ പറഞ്ഞിരുന്നത്. കോതയാറ്, കാളിയാറ്, നീലിയാറ് (പുല്ലാന്തിയാറ് എന്നും പറഞ്ഞിരുന്നു) എന്നിവ ചേർന്നാണ് മൂവാറ്റുപുഴ യാറുണ്ടായത്.

**ഭരണമാറ്റം**

ഏ.ഡി. 1600-നോടടുത്ത് വടക്കുംകൂർ റാണി കീഴ്മലൈനാട് രാജകുമാരനെ ദത്തെടുത്തു. അങ്ങനെ കീഴ്മ ലൈനാടും വടക്കുംകൂറും ഒറ്റരാജ്യമായി. വടക്കുംകൂർ രാജാക്കന്മാർ കാരിക്കോട്ടും താമസിച്ചിരുന്നു. വടക്കും കൂറിന്റെ ആദിമ തലസ്ഥാനം കടുത്തുരുത്തിയായിരുന്നു. പില്ക്കാലത്ത് വൈക്കം തലസ്ഥാനമായി. ഏ. ഡി. 1750-ൽ തിരുവിതാംകൂർ രാജാവായ മാർത്താണ്ഡവർമ്മ കീഴ്മലൈനാട് ഉൾപ്പെട്ട വടക്കുംകൂർ രാജ്യം യുദ്ധംചെയ്തു കീഴടക്കി. അങ്ങനെ കീഴ്മലൈനാട് തിരുവിതാംകൂറിന്റെ ഭാഗമായി. കേരളസംസ്ഥാനം 1956 നവംബർ 1-ന് രൂപപ്പെടുന്നതുവരെ ആ സ്ഥിതി തുടർന്നു.

**കാരിക്കോടിന്റെ പരിസരപ്രദേശങ്ങൾ**

അതിപ്രാചീനകാലം മുതൽ മനുഷ്യവാസമുണ്ടായിരുന്നതിന്റെ ലക്ഷണങ്ങളുള്ള അനേകം ചെറുഗ്രാമങ്ങൾ കീഴ്മലൈനാട്ടിൽ കാരിക്കോടിനു ചുറ്റിലുമുണ്ട്: ചാലംകോട് (വിദ്യാലയമുണ്ടായിരുന്ന ബുദ്ധമതകേന്ദ്രം), ശാസ്താംപാറ (ബുദ്ധക്ഷേത്രമുണ്ടായിരുന്ന സ്ഥലം), ആർപ്പാമറ്റം (ആദിമകാലത്ത് യുദ്ധപരിശീലനം നട ത്തിയിരുന്ന ഈ സ്ഥലം, പില്ക്കാലത്ത് കുറ്റക്കാരെ ആർപ്പുവിളിച്ചു കൊണ്ടുവന്നു വധിക്കുന്ന കൊലക്കള മായി. അടുത്തകാലം വരെ അതിലൂടെ കുട്ടികളും സ്ത്രീകളും, ഭൂതബാധ പേടിച്ച്, സഞ്ചരിച്ചിരുന്നില്ല. ആർപ്പു വിളിച്ചു കൊണ്ടുവന്നു കൊല്ലുന്നിടമായതുകൊണ്ട് ആർപ്പാമറ്റമെന്ന് പേരുണ്ടായി), ഏഴുമുട്ടം (ഉയർന്ന സ്ഥലം,

അല്ലെങ്കിൽ ഏഴുവഴികൾ വന്നുകൂട്ടിമുട്ടുന്ന സ്ഥലം (ഇവിടെ പ്രാചീനസംസ്കാരത്തിന്റെ അവശിഷ്ടങ്ങളായ മൺചാറകളും മുനിയറയും ഉണ്ട്). പന്നൂർ (പന്റിയൂർ, വിഷ്ണുക്ഷേത്രമുള്ള സ്ഥലം), കുന്നം (ഉയർന്ന സ്ഥലം, ഇവിടെ തമിഴ് ചെട്ടികളുടെ അങ്ങാടിയുണ്ടായിരുന്നു), തൊണ്ടിക്കുഴ (തൊണ്ടിവൃക്ഷങ്ങളുടെ നാട്), മരുതോലി (വെള്ളമരുങ്ങുള്ള കൃഷിയോഗ്യമായ ഭൂമി), നെടിയശാല (വലിയ ശാലയുണ്ടായിരുന്നിടം), ആരക്കുഴ (വലിയ പ്രദേശം), ഉടുമ്പന്നൂർ (ഹിഡിംബദേവന്റെ ക്ഷേത്രമുള്ള ഊര്, തമിഴ്നാട്ടിലും ഈ ദേവനു ക്ഷേത്രമുണ്ട്), പരിയാരം (ബ്രാഹ്മണസങ്കേതം), വേളൂർ (പ്രകാശമുള്ള സ്ഥലം), ചെലവ് (ചിലമ്പു കിട്ടിയ സ്ഥലം), ചെപ്പു കുളം (ചെപ്പു കിട്ടിയ സ്ഥലം), കരിമണ്ണൂർ (കറുത്ത മണ്ണുള്ള നാട്), ആലക്കോട് (വ്യാപാരവസ്തുക്കൾ വഹിക്കുന്ന മൃഗങ്ങളെ വിശ്രമിപ്പിക്കുന്ന ആലയുള്ള സ്ഥലം), അണ്ണായിക്കണം (ഉയർന്ന സ്ഥലം), ചാലാശേരി (ശാലയുണ്ടായിരുന്നിടം), പഴേരി (പഴയ ഉപനഗരം), പെട്ടേനാട് (പേട്ടയുണ്ടായിരുന്ന സ്ഥലം), പെരുംപള്ളിചിറ (വലിയ പള്ളിചിറ), പാമ്പ്രയങ്ങാടി (വലിയ അങ്ങാടി), മൈലക്കൊമ്പ് (മയിലുകളുടെ നാട്), കോടിക്കളം (പുതിയകളം, കാരിക്കോട്ടുനിന്ന് ഇങ്ങോട്ടു നേർവഴിയുണ്ടായിരുന്നു).

**മുതലക്കോടം**

കാരിക്കോടിനു തൊട്ടുകിഴക്കുള്ള സ്ഥലത്തിനു മുതലക്കോടമെന്ന പേരുണ്ടായത് വനവിഭവങ്ങൾ (മുതൽ) കൂട്ടിയിടുന്ന ശാല (പണ്ടകശാല) ഉണ്ടായിരുന്നതുകൊണ്ടാണെന്നു പരമ്പരാഗതമായി പറഞ്ഞുവരുന്നു. പള്ളിയുടെ ആലയത്തെ പള്ളിക്കൂടമെന്നും അച്ചുകളുടെ ആലയത്തെ (പ്രസ്സ്) അച്ചുക്കൂടമെന്നും വിളിച്ചിരുന്നതു പോലെ മുതൽക്കൂടമെന്നു വിളിച്ചിരുന്നുവെന്നു കരുതാം. ആ വാക്ക് മുതലക്കോടമെന്നായി.

അന്തോണിയോ ഗോവേയ 1603-ൽ രചിച്ച് 1606-ൽ കോയിമ്പ്രയിൽ പ്രസിദ്ധീകരിച്ച "ജോർണോദോ" എന്ന ഗ്രന്ഥത്തിൽ മുതലക്കോടത്തെ മറുപുഴയെന്ന അർത്ഥം വരുന്ന മറുബുളിയെന്നു വിളിക്കുന്നുണ്ട്. മരുതോലിയെ (ചുങ്കം) തുർഗുളിയെന്നും തൊടുപുഴയെ തൊടുബുളെ എന്നും വിളിക്കുന്നു. (ഇവയിൽ വിദേശീയരുടെ ഉച്ചാരണപരമായ വ്യത്യാസമുണ്ട്). മറുപുഴയെന്നതിന് മറുവശത്തുള്ള വഴിയെന്നും പ്രവേശനകവാടമെന്നും തമിഴിൽ അർത്ഥമുണ്ട്. പുഴൈയെന്നതിന് കവാടം, ഇടുങ്ങിയ വഴി, ചെറുനദി എന്നൊക്കെയാണല്ലോ തമിഴിൽ[13] അർത്ഥം. കാരിക്കോടു നഗരത്തിന്റെ കവാടമെന്നോ ഇടുങ്ങിയ വഴിയെന്നോ ആയിരിക്കണം അതിന്റെ അർത്ഥം. ഏതായാലും നഗരത്തെയോ വ്യാപാരപാതയെയോ അതു സൂചിപ്പിക്കുന്നുണ്ട്. കോട്ടയിൽ അമ്പെയ്ത്തുകാർ താമസിക്കുന്ന സ്ഥലത്തിനും തമിഴിൽ പുഴൈ എന്നു പറയും.

പൗളിനൂസ് പാതിരി 1776-1787 കാലഘട്ടത്തിൽ രചിച്ച് 1794-ൽ റോമിൽ പ്രസിദ്ധീകരിച്ച "ഇന്ത്യഓറിയെന്താലിസ് ക്രിസ്ത്യാന" എന്ന ഗ്രന്ഥത്തിൽ മുതലക്കോടം എന്നാണ് എഴുതിയിട്ടുള്ളത്. അവിടെയുള്ള മലകളിൽ ആന ശല്യമുണ്ടെന്നും അദ്ദേഹം പറയുന്നു. (നാഗപ്പുഴയെപ്പറ്റി പറയുന്നത് വനത്തിൽ ഒരു പ്രാർത്ഥനാലയം എന്നാണ്. നെടിയശാലയിലെ പള്ളിയെക്കുറിച്ചു പറയുന്നത് വനത്തിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ പള്ളിയുണ്ടെന്നാണ്). റൗളിൽ എന്ന വിദേശി മൊദെലക്കോർട്ട് എന്നെഴുതിയിരിക്കുന്നു.

**കീഴ്മലൈനാട്ടിലെ ക്രിസ്ത്യാനികളും ദേവാലയങ്ങളും**

മൈലക്കൊമ്പിൽ എ.ഡി. ഒന്നാം നൂറ്റാണ്ടിൽത്തന്നെ ക്രിസ്ത്യാനികൾ കുടിയേറിയിരുന്നു. വിശുദ്ധ തോമ്മാശ്ലീഹയുടെ (തമിഴ്നാട്ടിൽ നിന്നുള്ള) രണ്ടാമത്തെ കേരള (കൊടുങ്ങല്ലൂർ) യാത്രയിൽ തമിഴ്നാട്ടിൽ നിന്നു കൂടെപ്പോന്നവരുടെ സന്തതിപരമ്പരകളിൽപ്പെട്ടവരാണു തങ്ങളെന്നു മൈലക്കൊമ്പിലെ വട്ടക്കാട്ടു കുടുംബക്കാരും ആ കുടുംബത്തിലെ ശാഖകളിൽപ്പെട്ടവരും പറയുന്നു.

തൊടുപുഴ മൂവാറ്റുപുഴ കുന്നത്തുനാട് എന്നീ താലൂക്കുകളിലെ പള്ളികളെല്ലാം മൈലക്കൊമ്പുപള്ളിയുടെ ശാഖകളാണ്. ആരക്കുഴ മൈലക്കൊമ്പ് മുതലക്കോടം പ്രദേശങ്ങളിലേക്ക് എ.ഡി. എട്ടാം നൂറ്റാണ്ടിൽ വലിയ തോതിൽ ക്രൈസ്തവകുടിയേറ്റമുണ്ടായി. കുറവിലങ്ങാട്ടുനിന്ന് ഓരം, ഒഴുക, ചെറുകുളം, പകലോമറ്റം മുതലായ കുടുംബങ്ങളിൽപ്പെട്ടവർ ആ പ്രദേശങ്ങളിലേക്ക് കുടിയേറി. കൊടുങ്ങല്ലൂർ, അങ്കമാലി, കടമറ്റം, വടകര, രാമപുരം മുതലായ സ്ഥലങ്ങളിൽനിന്നും കുടിയേറ്റമുണ്ടായിട്ടുണ്ട്. സുഗന്ധദ്രവ്യങ്ങളുടെ ഉത്പാദനത്തിനും വ്യാപാരത്തിനുമായിട്ടാണ് ക്രിസ്ത്യാനികൾ കാടുകളിലേക്കു കുടിയേറിയത്. രണ്ടാം ചേരസാമ്രാജ്യകാലഘട്ടം (എ.ഡി. 8, 9, 10 നൂറ്റാണ്ടുകൾ) കേരളചരിത്രത്തിലെ സുവർണയുഗമായി[14] മാറിയത് ക്രൈസ്തവർ സുഗന്ധദ്രവ്യങ്ങളും ഭക്ഷ്യവിഭവങ്ങളും ഉത്പാദിപ്പിച്ചതുകൊണ്ടും വ്യാപാരം വഴി വിദേശനാണ്യം ശേഖരിച്ചതുകൊണ്ടുമാണ്.

ആദിമക്രൈസ്തവസങ്കേതങ്ങൾ അന്താരാഷ്ട്രവ്യാപാരകേന്ദ്രങ്ങളായിരുന്നു. അവിടങ്ങളിൽ സംഭവിച്ച അറബികളുടെ കടന്നുകയറ്റവും ആക്രമണവും മൂലം ക്രിസ്ത്യാനികൾ കാടുകയറേണ്ടിവന്നിട്ടുണ്ട്. അങ്ങനെ,

ഒൻപതാം നൂറ്റാണ്ടുമുതൽ ആധുനികകാലം വരെ വലിയ തോതിലുള്ള കുടിയേറ്റങ്ങൾ നടന്നിരുന്നു. അക്കാലത്ത് ക്രിസ്ത്യാനികൾ കുടിയേറിയ പ്രദേശങ്ങളിൽ അവർ കുരിശ് സ്ഥാപിച്ച് വിളക്കുവച്ച് പ്രാർത്ഥിക്കുകയും മൃതരെ കുരിശിനടുത്തു സംസ്കരിക്കുകയും ചെയ്തുപോന്നു (അതിപ്രാചീനകാലത്ത് മൃതരെ സ്വന്തം ഭവനത്തിനടുത്തു സംസ്കരിച്ചിരുന്നു). ആരക്കുഴ (999), നെടിയശാല (999), നാഗപ്പുഴ (900), മരുതോലി അഥവാ ചുങ്കം (1579), കോതമംഗലം (വലിയ പള്ളി 1240-ലും ചെറിയ പള്ളി 1455-ലും), കടമറ്റം (865) എന്നിവിടങ്ങളിൽ പള്ളികളുണ്ടായി. ഈ പ്രദേശങ്ങളിൽ കുടിയേറിയവർക്ക് പണ്ട് മൈലക്കൊമ്പുപള്ളി മാത്രമാണ് ആശ്രയമായിട്ടുണ്ടായിരുന്നത് (ആദിമശതകങ്ങളിൽത്തന്നെ ആ പള്ളി സ്ഥാപിക്കപ്പെട്ടുവെന്നാണ് പാരമ്പര്യം).[15]

പതിനേഴാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട "നാലുപള്ളിപ്പാട്ടി" ന്റെ നാലാം പാദത്തിൽ കീഴ്മലൈ നാട്ടിലുള്ള നാലു പള്ളികളെക്കുറിച്ചു പറയുന്നുണ്ട്:

പള്ളിപലതുണ്ടു കീഴ്മലനാടുകൾ തന്നിൽ
ഭംഗിയതിലേറ്റം പെരുകുന്ന മുതലക്കോടം,
ഉള്ളംവെളിവാകും പെരുംപള്ളിച്ചിറയഴകാൽ
ഉറ്റഭവനങ്ങൾ ഗുണമുള്ള മയിലക്കൊമ്പ്,
എല്ലാം തരുതായ്ക്കൾജനത്തിൻ പേർതികച്ച വമ്പർ
ഏറെപ്പെരുകുന്നോർ തൊഴുംപള്ളിയാരക്കുഴയിൽ
ദിക്കുതിറപ്പുന്നൽ തിരുപ്പദം വഴിപാടായി
തിണ്ണംപദവിചേരുന്ന പള്ളി മരുതോലിൽ
ഇഛയുടൻ പള്ളിയതുപോലെ വിശേഷമായി
ഇഛയാലെനിന്നു കുറുബാന പലർക്കു കാൺമാൻ
കണ്ടാലിതു ബാബേൽക്കോട്ടപോലെ വരുന്നുപാർത്താൽ.[16]
(തരുതായ്ക്കൽ = തരീസാകൾ, സത്യവിശ്വാസികൾ. മരുതോലി = ചുങ്കം).

**മുതലക്കോടംപള്ളി**

മുതലക്കോടംപള്ളി ഏ.ഡി. 1312-ൽ സ്ഥാപിച്ചതാണെന്നാണു പരമ്പരാഗതമായി പറയുന്നത്. എറണാകുളം അരമനയിൽ നിന്നു 1908-ൽ അയച്ച കല്പനയ്ക്കു മറുപടിയായി മുതലക്കോടം വികാരി എഴുതിയ മറുപടിയിൽ പറയുന്നത് സ്ഥാപനവർഷത്തെക്കുറിച്ചു രേഖയില്ലെന്നും പണ്ടാരവകപ്പാട്ടം പതിഞ്ഞ സ്ഥലത്താണു പള്ളിയിരിക്കുന്നതെന്നുമാണ്. അതിരൂപതയുടെ 1911-ലെ സെൻസസ് അനുസരിച്ച് 210 കുടുംബങ്ങളും 227 പുരുഷന്മാരും 256 സ്ത്രീകളും 12 വയസിൽ താഴെയുള്ള 256 ആൺകുട്ടികളും 206 പെൺകുട്ടികളും ഉണ്ട്. ആകെ 180 കുട്ടികൾ പഠിക്കുന്നുണ്ടെന്നുമുണ്ട്. ഏ.ഡി. 1129-ൽ ഞാളൂർകോവിലും ഏ.ഡി. 1229-ൽ മുതലക്കോടം പള്ളിയും സ്ഥാപിച്ചുവെന്ന് ഒരു പാരമ്പര്യമുണ്ട്, ഹൈന്ദവരുടെയിടയിൽ.

ഈ പള്ളിയുടെ സ്ഥാപനത്തെ സംബന്ധിച്ചു പരമ്പരാഗതമായി പറഞ്ഞുവരുന്നത് മറ്റത്തിൽ മുത്തി എന്ന പ്രഭ്വി (കർത്തത്യാരമ്മ) ആണ് ഈ പള്ളി വച്ചതെന്നാണ്. അവർക്ക് പണ്ടകശാല (പാണ്ട്യാല) ഉണ്ടായിരുന്നുവെന്നും പണ്ടകശാലയിൽ വ്യാപാരവസ്തുക്കൾ സൂക്ഷിക്കുന്ന വ്യാപാരികളിൽനിന്ന് കപ്പം വാങ്ങിച്ചിരുന്നതുകൊണ്ട് അവരെ കപ്പത്തിയാരമ്മയെന്നു സാധാരണമായി വിളിച്ചിരുന്നുവെന്നും പറയുന്നു. പണ്ടകശാലയുടെ തൊട്ടടുത്താണ് പള്ളിവച്ചത്.

സഭാചരിത്രകാരനായ ബഹുമാനപ്പെട്ട ബർണാർദ് തോമ്മാ 1916-ൽ പ്രസിദ്ധീകരിച്ച "മാർതോമ്മാ ക്രിസ്ത്യാനികൾ" എന്ന ഗ്രന്ഥത്തിൽ പള്ളിസ്ഥാപനസംബന്ധമായ വിവരങ്ങൾ ചേർത്തിട്ടുണ്ട്. താഴെക്കാണുന്ന അടിക്കുറിപ്പോടെയാണ് അതു ചേർത്തിരിക്കുന്നത്:

"മൈലക്കൊമ്പ് മുതലായ പള്ളികളെപ്പറ്റി ഇവിടെ എഴുതിച്ചേർത്തിരിക്കുന്ന വിവരം മൈലക്കൊമ്പുപള്ളി വികാരിയായ നമ്പ്യാപറമ്പിൽ ബഹുമാനപ്പെട്ട യാക്കോബ് കത്തനാർ അവർകൾ എഴുതി അയച്ചുതന്നതാണ്. അദ്ദേഹം വളരെ പരിശോധനയോടുകൂടിയാണ് ആ വിവരം എഴുതിയിട്ടുള്ളത്. ഞങ്ങളും ഒന്നുകൂടി നല്ലപോലെ പരിശോധന കഴിച്ചശേഷമാണ് ഇവിടെ ചേർത്തത്" (പുറം 357). പ്രസ്തുത വിവരം താഴെ ഉദ്ധരിക്കുന്നു:

> തുലോം പുരാതന മുതലക്കോടത്തുപള്ളിയും മൈലക്കൊമ്പിന്റെ ഒരു പുത്രിയാണ്. വിശുദ്ധ ഗീവറുഗീസിന്റെ നാമത്തിലുള്ള ഈ ദേവാലയം പതിനാലാം ശതാബ്ദത്തിലാണ് സ്ഥാപിതമായതെന്നു പറയപ്പെടുന്നുണ്ടെങ്കിലും ആ ദേശത്തിനു പാണ്ടിയുമായുണ്ടായിരുന്ന കച്ചവടം

മുതലായവ നടന്നിരുന്ന കാലത്തിന്റെ സാഹചര്യങ്ങളെ ആലോചിച്ചാൽ അതിന്റെ സ്ഥാപന കാലം ഒമ്പതാമത്തെയോ പത്താമത്തെയോ വത്സരശതകമാണെന്നു തീർച്ചയാക്കുന്നതിനു ലക്ഷ്യങ്ങൾ കാണുന്നുണ്ട്. പള്ളിയുടെ ആരംഭകാലത്തു മുതലക്കോടം ധനപുഷ്ടിയിലും ജനപുഷ്ടിയിലും പ്രഥമ സ്ഥാനത്തെ അർഹിച്ചിരുന്നു. പള്ളിക്കു അതിന്റെ ചുറ്റിലുമായി വളരെ പുരയിടങ്ങളും തൊള്ളായിരപ്പറ നിലങ്ങളുമുണ്ടായിരുന്നു. പള്ളിയുടെ ജനൽകൾ, കട്ടിളകൾ, അഴികൾ മുതലായവ സമസ്തവും കരിങ്കൽ കൊണ്ടാണു നിർമ്മിക്കപ്പെട്ടിരിക്കുന്നത്. പള്ളിയുടെ അഴിക്കാലുകളും മുറിത്തട്ടിന്റെ അഴികളും വളരെ മുഴുപ്പും പൊക്കവുമുള്ളവയും മുഴുവൻ അരക്കും ചായില്യവുമിട്ടിട്ടുള്ളവയുമത്രെ. "കപ്പത്തിയാരമ്മ" എന്നു സാധാരണ പറഞ്ഞുപോരുന്ന കർത്തത്യാരമ്മ എന്നൊരു പ്രഭ്വിയാണ് ആ ദേവാലയം പണിയിച്ചത്. അതിലേക്ക് ഒരു പ്രത്യേക കാരണവുമില്ലാതില്ല. പ്രഭുസ്ത്രീകൾ പള്ളിയിൽ പുൽപായിൽ മുട്ടുകുത്തി കുർബാന കാണുകയായിരുന്നു അക്കാലത്തെ പതിവ്. പ്രസ്തുത പ്രഭ്വി കുർബാന കാണുന്നതിനായി ഒരിക്കൽ മൈലക്കൊമ്പിൽ ചെന്നിരുന്നപ്പോൾ അവളുടെ വെള്ളാട്ടി പതിവനുസരിച്ചു പുൽപാ വിരിക്കുകയിൽ മറ്റൊരു പ്രഭ്വിയുടെ വെള്ളാട്ടിവന്ന് അവിടെതന്നെ അവളുടെ നായികയ്ക്കായി പുല്പാ വിരിക്കുകയും തന്മൂലം അവർ തമ്മിൽ ചില വാഗ്വാദങ്ങൾ നടക്കുകയുമുണ്ടായി. അതിനാൽ സ്വവാസസ്ഥാനമായ മുതലക്കോടത്തു സ്വന്തമായി ഒരു ദേവാലയം പണിയിക്കുന്നതിനു കർത്തത്യാരമ്മ തീർച്ചയാക്കി. പണിയും ഉടനെതന്നെ ആരംഭിച്ചു. അടുത്ത പുനരുത്ഥാന തിരുനാളിൽ പുതിയ പള്ളിയിൽ ആദ്യമായി ദിവ്യപൂജാർപ്പണവും നിവർത്തിച്ചു.

പ്രഭ്വിക്കു വളരെ കൃഷിനിലങ്ങളും പാണ്ടിരാജ്യവുമായി വളരെ കച്ചവടമുണ്ടായിരുന്നു. അവളുടെ കിണറും കുളവും പണ്ടകശാലയുടെ അടിത്തറയും കുളിക്കുന്നതിനായി ഉപയോഗിച്ചിരുന്ന കരിങ്കൽ പാത്രവും ഇക്കാലത്തും അവിടെ കാണാവുന്നതാണ്. മുതലക്കോടത്തുനിന്നു പാണ്ടിയിലേക്ക് ആ കാലഘട്ടത്തിലുണ്ടായിരുന്ന സുഗമമായ ഒരു മാർഗത്തിൽകൂടി അവളുടെ ഭർത്താവിന്റെ വകയായ നാല്പതു ആനകൾ മിക്കവാറും എല്ലാ ദിവസവും തന്നെ തടി ഇറക്കിയിരുന്നു. അവളുടെ ഭവനംമുതൽ പള്ളിവരെ കരിങ്കൽ തളിരം പതിച്ചു മിനുസപ്പെടുത്തിയിരുന്ന ഒരു വഴി ജീർണാവസ്ഥയിൽ ഇന്നും കാണപ്പെടുന്നുണ്ട്. മുതലക്കോടത്തിന്റെ പ്രാഭവം കാലാന്തരത്തിൽ ഭേദപ്പെടുകയും ക്രമേണ ആ സ്ഥലം അധോഗതിയെ പ്രാപിക്കുകയും ചെയ്കയാൽ ജനങ്ങൾ അവിടംവിട്ട് തൃപ്പൂണിത്തുറ മുതലായ ദിക്കുകളിൽ എത്തി താമസം ഉറപ്പിച്ചു. തുലോം കുറച്ചു കുടുംബങ്ങൾ മാത്രമേ മുതലക്കോടത്തുപള്ളിക്കാരായി ശേഷിച്ചുള്ളൂ. അടുത്ത കാലങ്ങളിലാവട്ടെ ആളുകൾ അവിടെവന്നു താമസിച്ചുവരുന്നതുകൊണ്ട് ആ സ്ഥലം വീണ്ടും അഭിവൃദ്ധി പ്രാപിച്ചുവരുന്നു.

സ്ത്രീകൾ പല പള്ളികളും സ്ഥാപിച്ചിട്ടുണ്ട്. കടുത്തുരുത്തിയിൽ വടക്കുംഭാഗരുടെ പള്ളി സ്ഥാപിച്ചത് മൗലാന ഏലിഅമ്മ എന്ന സ്ത്രീയാണ്.[18] ആരക്കുഴ പള്ളി സ്ഥാപിച്ചത് ഓരത്തേൽ (റാത്തപ്പള്ളി) മുത്തിയാണ്. മൈലക്കൊമ്പിൽ കുർബാന കാണാൻ പോകാനുള്ള പ്രയാസം കൊണ്ട് ആരക്കുഴയിൽ പള്ളിവയ്ക്കുകയും വടകരയിൽ നിന്നു വൈദികരെ വരുത്തി കുർബാന ചൊല്ലിക്കുകയും ചെയ്തു.[19] രാമപുരം പള്ളി സ്ഥാപിച്ചത് പാലാക്കുഴ കുടുംബത്തിലെ സമ്പന്നയായ ഒരു വൃദ്ധയാണ് (15-ാം നൂറ്റാണ്ടിൽ).[20] കാരക്കുന്നം പഴയപള്ളി എടത്വയിൽ നിന്നു കുടിയേറിയ മങ്ങാട്ട് അച്ചയുടെ പ്രേരണയാൽ അവളുടെ മക്കളും ചാത്തംകണ്ടത്തിൽ കുടുംബക്കാരും കൂടി സ്ഥാപിച്ചതാണ്. കാരക്കുന്നം പുതിയപള്ളി (1817-ൽ) സ്ഥാപിച്ചത് ചാത്തംകണ്ടത്തിൽ മാത്തിരി മറിയമാണ്.[21] കാഞ്ഞൂർ പള്ളി സ്ഥാപിച്ചത് വലിയവീട്ടിൽ ഏലീശ്വയുടെ അപേക്ഷയനുസരിച്ചാണ്. അവരുടെ വീട്ടിലാണ് ആദ്യം ദിവ്യബലി അർപ്പിച്ചത്.[22] കടമറ്റംപള്ളിയുടെ ശാഖയായി കോലഞ്ചേരി പള്ളി സ്ഥാപിച്ചത് കോലഞ്ചേരി തങ്കൻമാപ്പിളയുടെ ഭാര്യയാണ്. കടമറ്റംപള്ളിയുടെ ആനവാതിക്കൽവച്ച് ഒരു പ്രമാണി അവരെ ആക്ഷേപിച്ചതുമൂലം സ്വന്തം നാട്ടിൽ പള്ളിവച്ച് ജന്മനാടായ പള്ളിക്കരയിൽ നിന്നു വൈദികനെ വരുത്തി ദിവ്യബലി നടത്തിക്കുകയാണു ചെയ്തത് (മൈലക്കൊമ്പിൽ സംഭവിച്ചതുപോലെ തന്നെ). കോലഞ്ചേരിക്കടുത്തുള്ള കോട്ടൂർ കുരിശ് ക്രിസ്തീയയുവാവുമായി വിവാഹബന്ധത്തിലേർപ്പെട്ട കോട്ടൂർ മനയിലെ ബ്രാഹ്മണസ്ത്രീ സ്ഥാപിച്ചതാണ്. അതു പിന്നീട് പള്ളിയായി.[23]

പണ്ട് നസ്രാണി സ്ത്രീകൾക്ക് സമൂഹത്തിൽ ഉന്നതസ്ഥാനവും പ്രാമാണ്യവുമുണ്ടായിരുന്നു. രാജകുടുംബങ്ങളിലും നായർഭവനങ്ങളിലും അപ്രകാരമായിരുന്നു. കത്തലുമ്മ (പ്രഭ്വി) എന്ന ധനികയായ സ്ത്രീ മാർത്തോമ്മായുടെ വരവിനെയും പ്രവർത്തനങ്ങളെയും കുറിച്ച് ഒരു ആട്ടക്കഥ അങ്കമാലി പള്ളിയിൽവച്ച് നടത്തിയതിനെക്കുറിച്ച് മിഷണറിമാർ എഴുതിയിട്ടുണ്ട്. അവർ ജോസഫ് സെബസ്ത്യാനി എന്ന മെത്രാന്റെ മുമ്പിലാണ് പള്ളിയകത്തുവച്ച് ആ ആട്ടക്കഥ നടത്തിയത്.[24]

പതിനേഴാം നൂറ്റാണ്ടിൽ ഒരു നസ്രാണി സ്ത്രീ അങ്കമാലിയിൽ വക്കീലന്മാരുടെ സഹായമില്ലാതെ ഒരു വ്യവഹാരം സംബന്ധിച്ച് മൂന്നുദിവസം തുടർച്ചയായി വാദിച്ചുവെന്നു ഒരു യൂറോപ്യൻ മിഷണറി എഴുതിയിട്ടുണ്ട്.[25] പണ്ട് സ്ത്രീകൾക്ക് വലിയ സ്ഥാനമുണ്ടായിരുന്നു. സമൂഹത്തിലും അവർ പ്രാമാണിത്വം വഹിച്ചിരുന്നു. കേരളത്തിൽ വിദേശ യൂറോപ്യൻ മിഷണറിമാരുടെ വരവിനു ശേഷമാണ് സ്ത്രീകൾ സമൂഹത്തിൽ നിഷ്പ്രഭരാകാൻ തുടങ്ങിയത്.

മുതലക്കോടം പള്ളിയിൽ 1968, 1984, 1989 എന്നീ വർഷങ്ങളിൽ നേർച്ച കഴിക്കാൻ വന്നവരും മറ്റത്തിൽ മുത്തിയുടെ സന്തതിപരമ്പരകളിൽപ്പെട്ടവരും അവരുടെ വംശക്കാരുമായിട്ടുള്ള വ്യക്തികൾ തന്ന വിവരങ്ങളുടെ സംഗ്രഹം താഴെ ചേർക്കുന്നു:

'മറ്റത്തിൽ മുത്തി കുറവിലങ്ങാട്ടുള്ള പകലോമറ്റം കുടുംബത്തിൽപ്പെട്ടതാണ്. പകലോമറ്റം കുടുംബശാഖ മുട്ടുചിറയിൽ താമസിച്ചിരുന്നു. അവിടെ നിന്നു ഒരാൾ ഏ.ഡി. എട്ടാം നൂറ്റാണ്ടിൽ മൈലക്കൊമ്പിൽ കച്ചവടത്തിനായി വന്നു താമസിച്ചു. മൈലക്കൊമ്പു പള്ളിയുടെ വടക്കുവശത്തുള്ള പുരയിടം (ഇപ്പോൾ സർവേ നമ്പർ 23 1/4) ആയിരുന്നു മറ്റത്തിൽ മുത്തിയുടെ തറവാട് സ്ഥിതി ചെയ്തിരുന്ന സ്ഥലം. അവിടം മുതൽ പൈങ്കുളംപാടം വരെ ആ കുടുംബത്തിന്റേതായിരുന്നു. മൈലക്കൊമ്പു പള്ളിയിൽ മുട്ടുകുത്തുന്ന സ്ഥലത്തെക്കുറിച്ചു തർക്കമുണ്ടായത് കുന്നുംപുറത്തു മുത്തിയുടെ ദാസിയുമായിട്ടാണ്. വടക്കൻ പറവൂരിൽ നിന്നു വന്ന കുടുംബമാണു കുന്നുംപുറം. അവരുടെ വീട് പള്ളിയുടെ കിഴക്കുവശത്താണ്. കുന്നുംപുറത്തു മുത്തി ചേടത്തിയും മറ്റത്തിൽ മുത്തി അനുജത്തിയുമായിരുന്നു.

'ആനവാതുക്കൽ തർക്കിച്ചുകൊണ്ടിരിക്കുന്നവൾ പുറത്തുപോകട്ടെയെന്ന വൈദികൻ ആവശ്യപ്പെട്ടു. അവർ പുറത്തുപോയി. മുത്തിയുടെ ഭർത്താവ് തടിവ്യാപാരിയായിരുന്നു. തന്റെ വാസസ്ഥലത്തു പള്ളി നിർമ്മിക്കാൻ അവർ നിശ്ചയിച്ചു. 12 മൃഗങ്ങളുടെ പുറത്ത് സമ്പാദ്യങ്ങൾ കയറ്റിക്കൊണ്ടാണ് അവർ മുതലക്കോടത്തേക്കു പോയത്. അവരുടെ ഭർത്താവിന് 40 ആനയുണ്ടായിരുന്നു. തമിഴ്നാട്ടിലേക്കാണ് തടികൾ കൊണ്ടുപോയിരുന്നത്.

'ആയിരപ്പറയ്ക്ക് സ്ഥലം വൈരമണിയിലുണ്ടായിരുന്നു. അത് അവസാനം മുതക്കോടം പള്ളിക്കു കിട്ടുകയും പില്ക്കാലത്ത് ആനയഴിവിനായി (ആന സംരക്ഷണത്തിനുള്ള ചെലവ്) സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. ഭർത്താവിന്റെ അകാലമരണത്തിനുശേഷം കുന്നേലിടത്ത് ഇടപ്രഭുവിന്റെ ഭാര്യയാകാൻ മനസ്സില്ലാത്തതുകൊണ്ടു പൂർവികരുടെ നാട്ടിലേക്ക് കുറവിലങ്ങാട്ടേക്ക് ആണു പോയത്. പിന്നീട് പന്തളം രാജാവിന്റെ നാട്ടിലെത്തി (ഇന്നത്തെ ചെങ്ങന്നൂർ താലൂക്കിൽ). നാണയങ്ങൾ വാരിവിതറിയിട്ടാണു പോയത് (ഭടന്മാർ നാണയം ശേഖരിക്കുകയും പെട്ടെന്ന് ഓടിയെത്താതിരിക്കുകയും ചെയ്യാൻ വേണ്ടി).

'ഒരു രാത്രികൊണ്ട് പന്നിപ്പുള്ളിപാലം (മടക്കത്താനം) കടന്നുപോയി. ഒരു ഇടപ്രഭുവിൽ നിന്നു രക്ഷപെടാൻ മറ്റൊരു ഇടപ്രഭുവിന്റെ നാട്ടിലെത്തുകയായിരുന്നു  പണ്ടത്തെ പതിവ്. അവരുടെ സന്തതിപരമ്പരകൾ വടക്കൻ പറവൂർ, ചേലാട്, പോത്താനിക്കാട്, പൈങ്ങോട്ടൂർ, കുര്യനാട്, കുറുപ്പുംതറ, തിരുവല്ല, കടമറ്റം, ചെങ്ങന്നൂർ, വാളകം മുതലായ സ്ഥലങ്ങളിലുണ്ട്. ഇടപ്രഭുവിന്റെ കാലത്തും അവരുടെ മക്കൾ ഇവിടെ നേർച്ച കഴിച്ചിട്ടുണ്ട്. ഓരോ തലമുറയിലും ഇവിടെ നേർച്ച കഴിക്കാൻ വരുന്നുമുണ്ട്. മൈലക്കൊമ്പിൽ നിന്നുപോയ മറ്റത്തിൽക്കാർ ആ പള്ളിയിൽ എല്ലാ വർഷവും ഊട്ടുകഴിക്കുന്നു.

'ഇല്ലിവാതിലും കൊള്ളിവിളക്കുമാകുന്ന കാലത്ത് എടുത്ത് ഉപയോഗിക്കാൻ പറഞ്ഞുകൊണ്ടു കിരിശിൻചുവട്ടിൽ സ്വർണനാണയങ്ങൾ വാർപ്പിലിട്ടു കുഴിച്ചിട്ടിരുന്നു. ആരക്കുഴപള്ളിയെക്കുറിച്ചും ഇതുപോലെ തന്നെ പറയാറുണ്ട്. അവർ മൈലക്കൊമ്പു പള്ളിയിൽ നിന്നുമാറി മുതലക്കുടത്ത് തടി കൊണ്ടു പള്ളി നിർമ്മിച്ചു. ഒരാന ഒരു തടിവീതം കൊണ്ടുവന്നു.

'അവരുടെ മക്കളിൽ ഒരാൾ പോത്താനിക്കാട്ടും ഒരാൾ കടമറ്റത്തും മറ്റൊരാൾ കുറവിലങ്ങാട്ടും ഒരാൾ ചേലാട്ടിലും താമസിച്ചു. പോത്താനിക്കാട്ട് ഇടപ്രഭുവിന്റെ വീടിനടുത്താണു താമസിച്ചത്. പ്രഭു ഉപയോഗിച്ചിരുന്ന കിണർ ഇപ്പോഴുമുണ്ട്. അതു മൂടരുതെന്നു കാരണവന്മാർ പറഞ്ഞിരുന്നു. പോത്താനിക്കാട്ട് മിക്ക തലമുറയിലും ഒരാൺകുട്ടി മാത്രമേ ഉണ്ടായുള്ളൂ. പള്ളിസ്ഥാപനപരമായ വിവരങ്ങൾ എഴുതിയ ചെപ്പേട് ഈ വീട്ടിൽ സൂക്ഷിച്ചിട്ടുണ്ട്. പൈങ്ങോട്ടുരുള്ള പടിഞ്ഞാറേക്കുടി ഇതിന്റെ ഒരു ശാഖയാണ്.

പില്ക്കാലത്ത് ഇടപ്രഭുവിന്റെ കാലശേഷം മറ്റത്തിൽ കുടുംബത്തിൽപ്പെട്ട പലരും ഇവിടെത്തന്നെ വന്നു താമസിക്കുകയും വസൂരി, യുദ്ധം മുതലായവയുടെ കാലങ്ങളിൽ വീണ്ടും ഈ നാട് വിട്ടുപോകുകും ചെയ്തു. മൈലക്കൊമ്പിലെ കുടുംബങ്ങളും പലകാലങ്ങളിലായി അന്യനാടുകളിലേക്കു പോയി. നിരന്തരവും സജീവ

വുമായ പാരമ്പര്യമാണിത്.

'മറ്റത്തിൽ മുത്തി പോയതിനുശേഷം 45 വർഷം മുതലക്കോടംപള്ളി അനാഥമായിക്കിടന്നു. അക്കാലത്തെല്ലാം മുതലക്കോടത്തുള്ളവർ മൈലക്കൊമ്പുപള്ളിയിൽ പോയി കുർബാന കണ്ടിരുന്നു'.[26]

പ്രഭ്വികൾക്കു പള്ളിയിൽ മുട്ടുകുത്താൻ പ്രത്യേക സ്ഥലം പണ്ട് ഉണ്ടായിരുന്നു. ചെമ്പുപള്ളിയിൽ ആ പതിവു അടുത്ത കാലം വരെ നിലനിന്നു. കണ്ടത്തിൽക്കാർക്കു മുട്ടുകുത്താനുള്ള പായ് വിരിച്ചിരിക്കുന്നത് അടുത്ത കാലത്തു കണ്ടിട്ടുണ്ടെന്ന് മഞ്ചപ്പള്ളിയിലെ ഒരു കാരണവർ 1968-ൽ പറഞ്ഞു.

**മറ്റത്തിൽ മുത്തിയുടെ പുരയിടം**

ഇന്നത്തെ പള്ളിക്കു തെക്കുവശത്തുള്ളതും കാരിക്കോട് കാളിയാർ റോഡിനും പള്ളിക്കു കിഴക്കുള്ള പാടത്തിനുമിടയ്ക്കുള്ള വിസ്തൃതമായ പുരയിടമായിരുന്നു മറ്റത്തിൽ പുരയിടം. മറ്റത്തിൽ മുത്തിപോയി കുറേ നൂറ്റാണ്ടുകൾ വെറുതെ കിടന്ന ആ പുരയിടത്തിന്റെ കിഴക്കേ ഭാഗത്ത് വലിയവീട്ടിൽക്കാർ (ഓണാട്ട്, ഓണംതുരുത്തി, കൂനൻമാക്കൽ എന്നിങ്ങനെയും വീട്ടുപേരുള്ളവർ) വന്നുതാമസിക്കുകയും കണ്ടെഴുത്തു നടന്നകാലത്ത് വലിയവീട്ടിൽ പുരയിടമെന്ന പേരിൽ പതിച്ചെടുക്കുകയും ചെയ്തു. പില്ക്കാലത്ത് അതു പള്ളി വാങ്ങിച്ചു. അവിടെയാണ് 1974-ൽ അക്വീനാസ് കോളേജ് പണിതത്. ആ പുരയിടത്തിന്റെ പടിഞ്ഞാറുഭാഗത്ത് പുറത്തറയും കിണറും മറ്റുമുണ്ടായിരുന്നു. പില്ക്കാലത്ത് ഞാറക്കുളംകാർ ആ ഭാഗത്തു കുടിയേറുകയും (1825-ൽ) അവർ അതു പതിച്ചെടുക്കുകയും ചെയ്തു. മുത്തിയുടെ പുരയിടം മുൻപറഞ്ഞ റോഡിന്റെ പടിഞ്ഞാറുവശത്തും വ്യാപിച്ചിരുന്നു. മറ്റത്തിൽ മുത്തിയുടെ കിണറും കൽത്തൊട്ടിയും അതിന്റെ പടിഞ്ഞാറുവശത്ത് വലിയ കുളവും അടുത്തകാലം വരെ കാണാമായിരുന്നു. പള്ളിയ്ക്കും ആ പുരയിടത്തിനുമിടക്കായിരുന്നു പണ്ടകശാല. അവിടെ നിന്നു നാണയങ്ങൾ കിട്ടിയിട്ടുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിൽ പാലക്കാട് നിന്നുള്ള മൺപണിക്കാരു കൂലി വാങ്ങാൻ നില്ക്കാതെ രാത്രി കടന്നുകളഞ്ഞത് നിധി കിട്ടിയതുകൊണ്ടാണ്. കനകപ്പൊടിയുള്ള ഭരണികളും വെള്ളിനാണയങ്ങളും പില്ക്കാലത്തും ലഭിച്ചിട്ടുണ്ട്.

വിവാഹബന്ധം ഇഷ്ടപ്പെടായ്കയാൽ നാടുവിടുന്ന അനുഭവം മറ്റത്തിൽ മുത്തിക്കു മാത്രമല്ല ഉണ്ടായിട്ടുള്ളത്. ഇടപ്രഭുക്കളുടെയോ ഉദ്യോഗസ്ഥരുടെയോ ഭാര്യയാകാനോ അവർക്കു പെൺമക്കളെ കൊടുക്കാനോ വിസമ്മതിച്ചതുകൊണ്ടു നാടുവിട്ടിട്ടുള്ള വേറെയും കുടുംബങ്ങളുണ്ട്. മുതലക്കോടത്തു നിന്നു തന്നെ വേറെ രണ്ടു കുടുംബങ്ങൾ പില്ക്കാലത്ത് അങ്ങനെ പോയിട്ടുണ്ട്.[27] മുളക്കുളത്തുള്ള പുളിക്കീൽ കുടുംബക്കാരുടെയും പാലായിലുള്ള മാളിയേക്കൽക്കാരുടെയും അനുഭവം അതായിരുന്നു.

മുതലക്കോടം പ്രദേശത്ത് മുറ്റത്തുമുണ്ടുവിരിക്കൽ എന്ന പരിപാടിയുണ്ടയിരുന്നു. പ്രഭുവിന്റെ സേവകൻ വന്ന് ഉച്ചക്കോ വൈകുന്നേരമോ മുറ്റത്തുമുണ്ടു വിരിക്കും. അതിന്റെ അർത്ഥം പ്രഭു അന്നു രാത്രി ആ വീട്ടിൽ താമസിക്കാൻ വരുമെന്നാണ്. വിരുന്നൊരുക്കി സ്ത്രീ കാത്തിരിക്കണം. പുരുഷന്മാർ വീടു വിട്ടുപോകുകയും വേണം. പ്രഭുവാഴ്ചയുടെ ഈ സമ്പ്രദായം മറ്റൊരിടത്തുമുണ്ടായിരുന്നതായി കേട്ടിട്ടില്ല. ഇതിനെ എതിർക്കുന്നവർ നാടുവിടും, മറ്റൊരു പ്രഭുവിന്റെ അടുത്തേക്കു കടക്കും. ക്രിസ്ത്യാനികളല്ലാത്തവർ പ്രഭുസംബന്ധം ഒരു ആനുകൂല്യമായി കരുതിയിരുന്നു.

തമിഴ്നാട്ടിൽ നിന്നും കേരളത്തിലേക്കു പലായനം ചെയ്ത വെള്ളാളരുടെ കഥ ഓർക്കുക. താണജാതിയിൽപ്പെട്ട രാജാക്കന്മാർക്കു പെൺകുട്ടികളെ കൊടുക്കാൻ മനസ്സില്ലാഞ്ഞിട്ടാണ് തെങ്കാശിയിൽനിന്നും കുംഭകോണത്തു നിന്നും ആ തമിഴർ കേരളത്തിലേക്ക് പലായനം ചെയ്തത്.[28]

പോർത്തുഗീസു പട്ടാളക്കാർക്ക് പെൺമക്കളെ കൊടുക്കാൻ മനസ്സില്ലാത്തതുകൊണ്ട് ഏ.ഡി. 1535-നുശേഷം കൊച്ചി പ്രദേശത്തുള്ള ചില നസ്രാണിക്കുടുംബങ്ങൾ കിഴക്കോട്ടു പലായനം ചെയ്തുവെന്ന് പാരമ്പര്യത്തിലുണ്ട്. ശിക്ഷ ഭയന്നും നികുതി കൊടുക്കാൻ കഴിവില്ലാത്തതുകൊണ്ടും നാടുവിട്ട ധാരാളം കുടുംബങ്ങളും കേരളത്തിലുണ്ട്.

കീഴ്മലൈ നാട്ടിലെ പ്രഭുക്കളും ഉദ്യോഗസ്ഥരും തമിഴ് നാട്ടിലെ സമ്പ്രദായം സ്വീകരിച്ചിരുന്നു. ഇവർക്കു ലൈംഗികജീവിതനിഷ്ഠയുണ്ടായിരുന്നില്ല. ചില രാജ്യങ്ങളിൽ പ്രഭുക്കന്മാർക്ക് ആദ്യരാത്രി അവകാശം ഉണ്ടായിരുന്നു. മണവാട്ടിയെ ആദ്യരാത്രി പ്രഭുവിനു വിട്ടുകൊടുക്കുന്ന സമ്പ്രദായമാണത്. പൊതുവേ അക്രൈസ്തവരുടെയിടയിൽ ഇത്തരം സമ്പ്രദായങ്ങൾ പല സ്ഥലങ്ങളിലും നിലനിന്നു. ഏ.ഡി. 13-18 നൂറ്റാണ്ടുകളിൽ കേരളത്തിലെ നമ്പൂതിരിത്തറവാടുകളിൽ മൂത്തപുത്രൻ മാത്രം വിവാഹം ചെയ്യുകയും മറ്റു പുത്രന്മാർ നായർഭവനങ്ങളിൽ സംബന്ധം നടത്തിക്കഴിയുകയും ചെയ്തിരുന്നു.[29] നായർ സ്ത്രീകൾക്കു ബഹുഭർത്തൃത്വം സാധാ

രണമായിരുന്നു. പുരുഷന്മാർ പടയ്ക്കുപോയി മരിച്ചിരുന്നുവെന്നത് അതിനൊരു കാരണമാണ്.

മുതലക്കോടം പള്ളിയുടെ സ്ഥാപനത്തെ സംബന്ധിച്ചുള്ള പരമ്പരാഗതവിശ്വാസം തന്നെയാണ് ഫിലിപ്പു ജോർജ്ജ് 1946-ൽ പ്രസിദ്ധീകരിച്ച "കേരള ചരിത്രഡയറക്ടറി"യിൽ കാണുന്നതും 1968-ൽ മുതലക്കോടത്തും മൈലക്കൊമ്പിലുമുള്ള ആളുകളോട് അന്വേഷിച്ചപ്പോൾ പറഞ്ഞതും 1993-ൽ മുതലക്കോടം പള്ളിവികാരി ഫാ. അബ്രാഹം പുളിക്കൻ എഴുതിയ "മുതലക്കോടം ഇടവക" എന്ന ഗ്രന്ഥത്തിൽ ചേർത്തിട്ടുള്ളതും.

എന്നാൽ ചെമ്പരത്തി കുടുംബയോഗം 2009-ൽ പ്രസിദ്ധീകരിച്ച "ചെമ്പരത്തി കുടുംബവും മലനാടും" എന്ന ഗ്രന്ഥത്തിൽ മറ്റൊരു സിദ്ധാന്തം അവതരിപ്പിച്ചിട്ടുണ്ട് (പുറം 71, 78, 94, 95, 121, 169). ആർപ്പാമറ്റത്താണ് പള്ളി ആദ്യം സ്ഥാപിച്ചതെന്നും പിന്നീട് മുതലക്കോടത്തേക്കു മാറ്റിയെന്നും പള്ളി സ്ഥാപിച്ചത് ചെമ്പരത്തിക്കൽ കുടുംബക്കാരാണെന്നും അതിൽ പറയുന്നു. ഈ വിഷയത്തെക്കുറിച്ച് കൂടുതൽ അന്വേഷണം ആവശ്യമാണ്.[30]

**പള്ളിയിരിക്കുന്ന ഭൂമി**

ഇപ്പോഴത്തെ പള്ളിയിരിക്കുന്നിടത്ത് പണ്ട് ക്ഷേത്രമുണ്ടായിരുന്നുവെന്നു വിശ്വസിക്കുന്നവരുണ്ട് (ആദ്യത്തെ പള്ളി ഇപ്പോൾ പാരീഷ്ഹാൾ ഇരിക്കുന്നിടത്തായിരുന്നു). സിമിത്തേരിയിരിക്കുന്നിടത്ത് കാവുണ്ടായിരുന്നു വെന്നും കരുതുന്നവരുണ്ട്. 1968-ൽ നേർച്ച കഴിക്കാൻ വന്ന ഒരു ഹൈന്ദവവൃദ്ധ പറഞ്ഞത് "നിങ്ങളുടെ ഗീവ റുഗീസു പുണ്യാളനല്ല ഞങ്ങളുടെ ശിവനാണ് ഞാൻ നേർച്ചയിടുന്നതെ"ന്നാണ്. ഞാളൂർ കോവില് തൊട്ടു വടക്കു വശത്തുണ്ട്. ക്രിസ്ത്യാനികൾ കുടിയേറുന്നതിനുമുമ്പ് ഇവിടങ്ങളിൽ ഹൈന്ദവർ വസിച്ചിരുന്നല്ലോ.

മാർത്താണ്ഡവർമ്മ നാടുകൾ കീഴടക്കി 1750 ജനുവരി 17-ന് ശ്രീ. പദ്മനാഭന് രാജ്യം അടിയറവ് വച്ചു. തുടർന്ന് ഭൂമി സർവേ ചെയ്യാൻ കല്പിച്ചു. 1751-1754 കാലത്ത് (കരം പിരിക്കാൻ വേണ്ടിത്തന്നെ) കുറേ സ്ഥലങ്ങൾ സർവേ ചെയ്തു. രണ്ടാം സർവേ രാമവർമ്മയുടെ കാലത്ത് 1773-ൽ നടന്നു.[31] ഈ സർവേയൊന്നും എല്ലായി ടത്തും നടന്നില്ല. കൊല്ലവർഷം ആയിരാമാണ്ടിൽ ആയക്കെട്ടു പതിവു നടന്നു (ഏ.ഡി. 1825-ൽ). റാണി ഗൗരി പാർവതീഭായിയുടെ കാലത്ത് (1815-1829) ആണ് കീഴ്മലൈനാടുപ്രദേശത്ത് കണ്ടെഴുത്തു നടന്നത് (പണ്ടു കേട്ടെഴുത്തായിരുന്നു, പിന്നീട് കണ്ടെഴുത്ത്, അതിനുശേഷം സർവേയും സെറ്റിൽമെന്റും). അനേകവർഷ ങ്ങൾ കൊണ്ടാണ് തിരുവിതാംകൂറിൽ സർവേ നടന്നത്. ജനങ്ങൾ വസിക്കുന്നിടങ്ങളിലേ പണ്ടു കേട്ടെഴുത്തും കണ്ടെഴുത്തും നടന്നുള്ളൂ! "പതിക്കൽ" നടത്തുന്നതിനുമുമ്പ് ആർക്കും എവിടെയും താമസിച്ച് കൃഷിചെയ്യാ മായിരുന്നു. ഭൂമിക്കു വിലയെന്ന ഏർപ്പാടുണ്ടായിരുന്നില്ല. 1825-നുശേഷമാണ് ഭൂമിക്കു വിലയുണ്ടായത്. മൂവാ റ്റുപുഴ തൊടുപുഴ പ്രദേശങ്ങൾ 1909-1910 കാലത്താണ് സർവേ ചെയ്യപ്പെട്ടത്.

**പള്ളി സ്ഥിതിചെയ്യുന്ന പുരയിടം**

പള്ളിയിരിക്കുന്ന ഭൂമിയുടെ പുതുവൽ പതിക്കലിനെ സംബന്ധിച്ച് 1909-ലെ രേഖ പള്ളിയിലുണ്ട്. അതിൽ ഇങ്ങനെ പറയുന്നു: പട്ടയംസെറ്റിൽമെന്റ് പട്ടയം 446 1084-ാംമാണ്ട് വൃശ്ചികം 15-ാം തീയതി.

തൊടുപുഴ താലൂക്ക് 2-ാം നമ്പർ തൊടുപുഴ പകുതിയിൽ 446-ാം നമ്പർ പട്ടാദാരകനായ മുതലക്കോടം പള്ളി യിൽ കൈക്കാരര് പേർക്ക്. പട്ടയത്തുംപടിയുള്ള കരം താഴെ വിവരിച്ചിരിക്കുന്ന തവണകളിലായിട്ട് പാർവത്യ കാരന്റെയോ പ്രവൃത്തിപിള്ളയുടെയോ പക്കൽ ഒടുക്കി ക്രമപ്രകാരം രസീതു വാങ്ങിച്ചുകൊള്ളേണ്ടതാകുന്നു.

1084-ാംമാണ്ട് വൃശ്ചികമാസം 15-ാം തീയതി കണ്ടെത്തു ദിവാൻ പേഷ്കാർ

പി. രാജഗോപാലാചാരിയർ          ട. പത്മനാഭഅയ്യർ
ദിവാൻ ഓഫ് ട്രാവൻകൂർ          (ഒപ്പ്)

ഈ രേഖയിൽ മൂന്നു നിലങ്ങളും രണ്ടു പുരയിടങ്ങളും ഉള്ളതായി പറയുന്നു. പള്ളിയിരിക്കുന്ന പുരയിടം 99/ 9 പണ്ടാരവകഗറ്റി ആണ്.

ഏ.ഡി. 1909-ലേതാണ് (കൊല്ലവർഷം 1084) പട്ടയം. പുതുവൽപതിവ് 1-ാം പുസ്തകം 2-ാം പള്ളിവക വസ്തു ക്കളുടെ വാല്യം 32, 33 പേജുകളിൽ പകർത്തിയിട്ടുണ്ടെന്നും എഴുതിയിട്ടുണ്ട്. 1908 ജൂലൈ 19-ന് സർവേ നട ത്തിക്കാൻ അനുവദിച്ചുകൊണ്ടുള്ള കല്പന (നമ്പർ 41) എറണാകുളം അരമനയിൽ നിന്നു കിട്ടിയിട്ടുണ്ട്.

മലമേലച്ചന്റെ കാലത്ത് പള്ളിപുതുക്കൽ നടക്കുമ്പോൾ 704 പറനെല്ലു പാട്ടംകിട്ടിയിരുന്നു. പള്ളിക്ക് നില

ങ്ങളും പുരയിടങ്ങളുമായി 31 വസ്തുക്കൾ 1970-ൽ ഉണ്ടായിരുന്നതായി പള്ളിയുടെ റിക്കാർഡുകളിൽ കാണാം.

**റോഡ്**

പുരാതനകാലത്ത് കാരിക്കോടുനിന്ന് മൺകോട്ടയിലേക്കുള്ള വഴിയും ഹൈറേഞ്ചിലേക്കുള്ള വഴികളും ഉണ്ടായിരുന്നല്ലോ. കാളിയാർ തോട്ടത്തിലേക്ക് ബ്രിട്ടീഷുകാർ തൊടുപുഴയിൽ നിന്നു വഴിവെട്ടി. പള്ളിയുടെ തെക്കുവശത്തുകൂടി വെട്ടാൻ എഞ്ചിനീയർ തീരുമാനിക്കുകയും കുറേ പണി നടത്തുകയും ചെയ്തു. പക്ഷേ, പള്ളി പുതുക്കിപ്പണിയിച്ച പൂക്കാട്ട് നമ്പ്യാപറമ്പിൽ ഗീവറുഗീസച്ചൻ (1908-1915) നിർബന്ധിച്ചതുകൊണ്ട് പള്ളിയുടെ വടക്കുവശത്തുകൂടെ വഴി നിർമ്മിച്ചു. അദ്ദേഹം വഴിയരുകിൽ ഭണ്ഡാരം സ്ഥാപിക്കുകയും ചെയ്തു.

**പള്ളിയുടെ നാമധേയം**

ആദ്യത്തെ പള്ളി മർത്തമറിയത്തിന്റെ നാമത്തിലായിരുന്നുവെന്നു ചരിത്രഗ്രന്ഥങ്ങളും മറ്റത്തിൽ വംശത്തിൽപ്പെട്ടവരും മറ്റു കുടുംബക്കാരും പറയുന്നുണ്ട്. ഏതായാലും 1800-നുമുമ്പ് ഏതോ പുതുക്കിപ്പണിയുടെ കാലത്ത് പള്ളി ഗീവറുഗീസുസഹദയുടെ നാമത്തിൽ പ്രതിഷ്ഠിച്ചു. പള്ളി പുതുക്കുമ്പോൾ നാമധേയം മാറ്റുക പതിവായിരുന്നു (മഗ്ദലേനാമറിയത്തിന്റെ നാമത്തിൽ 1822-ൽ വച്ച മൂവാറ്റുപുഴപ്പള്ളി 1940-നോടുത്ത് പൂജരാജാക്കളുടെ നാമത്തിലാക്കിയത് മറ്റൊരു ഉദാഹരണമാണ്). ഗോവെയായുടെ ഗ്രന്ഥത്തിൽ 1603-ൽ പറയുന്നതു മാതാവിന്റെ നാമത്തിലുള്ള മുതലക്കോടം പള്ളിയെന്നാണ്. 1787-ൽ പൗളിനൂസു പാതിരിയുടെ ഗ്രന്ഥത്തിൽ പറയുന്നത് വിശുദ്ധ ഗീവറുഗീസിന്റെ നാമത്തിലുള്ള പള്ളിയെന്നാണ്. 1603-നും 1787-നും ഇടയ്ക്കു പേരുമാറിയെന്നർത്ഥം. പള്ളി പുതുക്കുമ്പോഴാണ് പേരുമാറാറുള്ളത്. അക്കാലത്തു പള്ളി പുതുക്കിയിട്ടുണ്ടെന്നു വ്യക്തം. പോത്താനിക്കാട്, കടമറ്റം, കുറുപ്പുംതറ, ചെങ്ങന്നൂർ ഭാഗങ്ങളിൽ നിന്നു മറ്റത്തിൽ മുത്തിയുടെ ആൾക്കാരാണെന്നു പറഞ്ഞുവരുന്നവർ പറയുന്നത് "കന്യകാമറിയത്തോടും കന്യകാമറിയം കൈയിൽ പിടിച്ചിരിക്കുന്ന യേശുവിനോടും ഗീവറുഗീസു സഹദായോടും പ്രാർത്ഥിക്കാനാണ്" വരുന്നതെന്നാണ്.

**രൂപങ്ങൾ**

പോർത്തുഗീസുകാർ വന്നതിനു ശേഷമാണ് നമ്മുടെ നാട്ടിൽ രൂപങ്ങൾ സ്ഥാപിച്ചു തുടങ്ങിയത്. 1549-നു ശേഷം അവർ പോർത്തുഗലിൽ നിന്നു രൂപങ്ങളും പടങ്ങളും വലിയ മണികളും വരുത്തി വലിയ പള്ളികൾക്കും നല്കി.[32] പണ്ട് പള്ളികളിൽ മരക്കുരിശേ ഉണ്ടായിരുന്നുള്ളൂ. ചില പള്ളികളിൽ ചിത്രങ്ങൾ ഉണ്ടായിരുന്നുവെന്നും 1599-ലെ ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളിൽ പറയുന്നുണ്ട്. എല്ലാ പള്ളിയിലും അൾത്താരയ്ക്ക് അരികിൽ റത്താവ് അഥവാ ഇറത്താഴ് (Retable) നിർമ്മിച്ച് രൂപങ്ങൾ വാങ്ങിച്ചുവയ്ക്കണമെന്നും സൂനഹദോസു കല്പിച്ചിട്ടുണ്ട്.[33]

അങ്ങനെ 1600-നുശേഷം മാതാവിന്റെയും പില്ക്കാലത്ത് മാർ ഗീവറുഗീസിന്റെയും രൂപങ്ങൾ പള്ളിയിൽ പ്രതിഷ്ഠിച്ചുവെന്നു കരുതാം. മാതാവിന്റെ രൂപം ഏതോ വികാരിയച്ചൻ കൊത്തിയുണ്ടാക്കിയതാണെന്നു പാരമ്പര്യമുണ്ട്. പോർത്തുഗലിൽ നിന്നുള്ളവയാണ് നമ്മുടെ പള്ളികളിൽ വച്ചിരുന്നത്. അവരുടെ സ്വർണപെയിന്റ് ഇന്നും മങ്ങിയിട്ടില്ല. ആദ്യകാലത്തെ മാതാവിന്റെ രൂപം പള്ളിമുറിയുടെ തട്ടിൽ വച്ചിരുന്നത് ഇപ്പോൾ ഏഴുമുട്ടത്തെ പ്രാർത്ഥനാലയത്തിൽ പ്രതിഷ്ഠിച്ചിട്ടുണ്ട്. ആദ്യകാലത്തെ മാർ ഗീവറുഗീസിന്റെ രൂപം കല്ലാനിക്കൽ പള്ളിക്കു കൊടുക്കാൻ വികാരിയച്ചൻ തീരുമാനിച്ചെന്നും അതിന്റെ പേരിൽ വികാരിയും കൈക്കാരനും തമ്മിൽ വഴക്കുണ്ടായെന്നും പറഞ്ഞുകേട്ടിട്ടുണ്ട് (ആ പള്ളി 1914-ൽ സ്ഥാപിച്ചതാണ്).

ഇപ്പോഴുള്ള മാർ ഗീവറുഗീസിന്റെ രൂപം കടമറ്റത്തുനിന്നു കൊണ്ടുവന്നതാണ്. യാക്കോബായാ മെത്രാന്മാരുടെയും പില്ക്കാലത്ത് പ്രൊട്ടസ്റ്റന്റുകാരുടെയും പ്രേരണമൂലം രൂപം അവർ തട്ടിൻപുറത്തേക്കു മാറ്റിയിരുന്നു (മുഖവാരത്തിലുള്ള മാതാവിന്റെ രൂപം അവർ മാറ്റിക്കളഞ്ഞുമില്ല). മുതലക്കോടത്തു നിന്നു കടമറ്റത്തു കുടിയേറിയവരും എല്ലാ വർഷവും നേർച്ചയിടാൻ വരുന്നവരുമായ മറ്റത്തിൽ കുടുംബക്കാരുടെ ശുപാർശ വഴി കടമറ്റത്തെ ആനിക്കശേരിൽ പൗലോസ് അച്ചൻ അതു മുതലക്കോടത്തിനു നല്കി. അദ്ദേഹം 1962 നവംബർ 3-നാണ് മരിച്ചതെന്ന് (68-ാം വയസിൽ) അദ്ദേഹത്തിന്റെ പിൻമുറക്കാർ പറയുന്നു. അദ്ദേഹം മുതലക്കോടത്തേക്കു രൂപംകൊടുത്തതിന്റെ പേരിൽ ചില ഇടവകക്കാർ വഴക്കുണ്ടാക്കിയെന്നും അവർ പ്രസ്താവിക്കുന്നു. മലമേലച്ചൻപള്ളി പുതുക്കിപ്പണിതതിനുശേഷം 1944-ൽ അതുകൊണ്ടുവന്നുവെന്നും വില്ലുവണ്ടിക്കാണു കൊണ്ടുവന്നതെന്നും താനും അക്കൂട്ടത്തിൽ പോയിരുന്നെന്നും 1968-ൽ പള്ളിയുടെ പാട്ടുകാരൻ ഉമ്മൻ ഭാഗവതർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കടമറ്റം ഇടവകയിൽ എതിർപ്പുള്ളവർ കേസുകൊടുക്കുമെന്ന് ആരോ പറഞ്ഞതുമൂലം കുറച്ചുനാൾ ആ രൂപം കല്ലാനിക്കൽ കൊണ്ടുവച്ചിരുന്നുവെന്നും അദ്ദേഹം പറയുകയുണ്ടായി. ആ രൂപവും പോർത്തുഗീസുകാർ കൊണ്ടുവന്നതും പൗരസ്ത്യശൈലിയിലുള്ളതുമാണ്. പള്ളി ജീർണിച്ച

കാലത്ത് ചെള്ളുപ്പറമ്പിൽ കുടുംബത്തിൽ സൂക്ഷിച്ച രൂപം ആദ്യകാലത്തെ രൂപമായിരിക്കണം. പള്ളി തകരുമ്പോൾ രൂപങ്ങൾ വീടുകളിൽ സൂക്ഷിച്ചിരുന്നു. നെടിയശാലപ്പള്ളി തകർന്ന കാലത്ത് അവിടത്തെ മാതാവിന്റെ രൂപവും (ചിത്രം) മാമ്മോദീസാത്തൊട്ടിയും മണിയും മാറികയിലുണ്ടായിരുന്ന പാലത്തുങ്കൽ കുടുംബത്തിൽ കൊണ്ടുപോയി സൂക്ഷിച്ചു.[34] ആരക്കുഴപ്പള്ളിക്കും ചുങ്കം പള്ളിക്കും ഒരിക്കലും തകർച്ചയുണ്ടായിട്ടില്ലെന്നു ജനസംഖ്യാ കണക്കുകളിൽ നിന്നു വ്യക്തമാണ്.

**കൽക്കുരിശ്**

പള്ളിക്കു മുമ്പിൽ കുരിശു സ്ഥാപിക്കുകയും അതിനുചുറ്റും വിളക്കു കത്തിക്കുകയും ചെയ്യുന്ന സമ്പ്രദായം കേരളത്തിൽ മാത്രമേ ഉള്ളൂ. അത് ബുദ്ധമതസ്വാധീനം മൂലമുണ്ടായതാണ്. ഏ.ഡി. അഞ്ചാം നൂറ്റാണ്ടിനുശേഷമാണ് ക്രിസ്ത്യാനികൾ കുരിശുകൾ നിർമ്മിച്ചത്. എട്ടാം നൂറ്റാണ്ടു മുതൽ കൽക്കുരിശുകൾ സ്ഥാപിച്ചുവെന്നു കരുതാം. മുതലക്കോടത്തെ കൽക്കുരിശ് പള്ളി സ്ഥാപിച്ചവർഷം തന്നെ സ്ഥാപിച്ചുവെന്നു പറയാറുണ്ട്. ആദ്യകാലത്ത് തേക്കിൻതടി കൊണ്ടുള്ള കുരിശായിരിക്കണം സ്ഥാപിച്ചത്.

ഏ.ഡി. 1579-ൽ സ്ഥാപിച്ച ചുങ്കംപള്ളിയുടെ കൽക്കുരിശ് 1630 ജൂലൈ 3-ന് വെഞ്ചിരിച്ചു പ്രതിഷ്ഠിച്ചു.[35] കടുത്തുരുത്തിപള്ളിയുടെ കുരിശ് 1596-ൽ സ്ഥാപിക്കുകയും 1599-ലെ ദുഃഖവെള്ളിയാഴ്ച ദിവസം മെനേസിസ് മെത്രാപ്പോലീത്ത വെഞ്ചരിക്കുകയും ചെയ്തു.[36] മറ്റു കൽക്കുരിശുകളുടെ നിർമ്മാണകാലം നിശ്ചയിക്കാൻ പ്രയാസമാണ്.

**മണികൾ**

പോർത്തുഗീസുമിഷണറിമാർ വരുന്നതിനുമുമ്പ് വലിയ ഓട്ടുമണികൾ ഉപയോഗിച്ചിട്ടില്ല. ഗ്രീക്കുകാരുടെ സമ്പ്രദായമനുസരിച്ചാണ് ഇവിടെ പ്രാർത്ഥനാസമയം അറിയിക്കുന്നതെന്ന് 1501-ൽ കൊടുങ്ങല്ലൂർക്കാരൻ യൗസേപ്പുകത്തനാർ വെനീസിൽ സാക്ഷ്യപ്പെടുത്തി.[37] ഗ്രീക്കുസമ്പ്രദായം പലകയിൽ ചുറ്റികകൊണ്ട് അടിക്കുകയെന്നതായിരുന്നു.

ഏ.ഡി. 1549-ൽ കേരളത്തിലേക്കു രൂപങ്ങളും വാർപ്പുമണികളും മറ്റും അയച്ചുതരാൻ കൊടുങ്ങല്ലൂർ സെമിനാരിയുടെ റെക്ടർ ഫാ. വിൻസെന്റ് ഡി ലാഗോസ് പോർത്തുഗൽ രാജാവിനു കത്തയച്ചു. രാജാവ് അയച്ച മണികൾ കേരളത്തിലെ പള്ളികൾക്കു കൊടുത്തുകഴിഞ്ഞുവെന്നും അദ്ദേഹം എഴുതി.[38] അങ്ങനെ 1500-നുശേഷം കേരളത്തിൽ വലിയ വാർപ്പുകൾ ഉപയോഗിച്ചു തുടങ്ങി.

മുതലക്കോടത്ത് ഇപ്പോഴുള്ള മണിയിൽ കൊല്ലവർഷം 780 ഇടവം 15 എന്നു കോലെഴുത്തിൽ എഴുതിയിട്ടുണ്ട്.[39] ഏ.ഡി. 1605-ൽ നിർമ്മിച്ചു എന്നർത്ഥം. മൈലക്കൊമ്പിലെ മണിയിൽ കോലെഴുത്തിൽ എഴുതിയിട്ടുള്ളത് "മൈലക്കൊമ്പിൽ മാർത്തോമ്മാപള്ളിക്ക് മണി വാർത്തു. മാറൻ ഈശോമിശിഹാ പിറന്നിട്ട് 1606-ാമത് മീനഞായർ അഞ്ചാം തീയതി" എന്നാണ് (ഞായർ = മാസം). കോതമംഗലത്തെ മണിയിൽ ഇങ്ങനെ എഴുതിയിട്ടുണ്ട്. "മർത്തമറിയം പള്ളിക്ക് കൊല്ലം തൊള്ളായിരത്തിഅഞ്ചാമത് കന്നിമാസം എട്ടാം തീയതി മണി വാർത്തു. തുലാം 25. നെല്ലിമറ്റത്തിൽ പൊറോത്തുകത്തനാരും മൊതലക്കൊടത്തെ ഔദേപ്പും കൂടി വാർപ്പിച്ചു. ശാസ്താംപാറ കൈപണിത് എടുത്തത്". പഴയ ആര്യലിപിയിലാണ് ഈ എഴുത്ത്. അങ്ങനെ ഏ.ഡി. 1730 -ൽ കോതമംഗലത്തു മണിവാർപ്പിച്ചുവെന്നും മുതലക്കോടവും ശാസ്താംപാറയുമായി അന്നും ബന്ധപ്പെട്ടിരുന്നെന്നും വ്യക്തമായി. മുതലക്കോടത്തുള്ള ചെറിയ മണിയിൽ "കുന്നപ്പള്ളി മൂശാരി ശങ്കരൻ 1933 ഡിസംബർ ഒന്നാം ദിവസം. വികാരി യൗസേപ്പു കണ്ടത്തിൽ. മുതലക്കോടം പള്ളി" എന്നിങ്ങനെ മലയാളലിപിയിൽ എഴുതിയിട്ടുണ്ട്.

ഓണതുരുത്തി മാണി മുതലക്കോടം പള്ളിക്ക് ദാനം എന്ന കോലെഴുത്തു ലിഖിതമുള്ള ഒരു മണി മുതലക്കോടത്തുണ്ടായിരുന്നതായി കേൾവിയുണ്ടെന്ന് 1968-ൽ ഉമ്മൻ ഭാഗവതർ പറഞ്ഞു.

**പ്രാചീനലിഖിതങ്ങൾ**

ധാരാളം ശിലാലിഖിതങ്ങൾ പള്ളിയിലുണ്ടായിരുന്നു. കണ്ടത്തിൽ മാർ ആഗസ്തീനോസ് 1923 ഏപ്രിൽ 18-ന് പള്ളി സന്ദർശിച്ചപ്പോൾ അവിടെ കിടക്കുന്ന ശിലാരേഖകൾ ഭിത്തിയിൽ സിമന്റുചെയ്ത് ഒട്ടിച്ചുവയ്ക്കണമെന്നു റിപ്പോർട്ടുപുസ്തകത്തിൽ എഴുതിയിട്ടുണ്ട്. പക്ഷേ, ഒന്നും സൂക്ഷിച്ചില്ല. പള്ളിസംബന്ധമായ ഒരു

വലിയ ശിലാരേഖ കൈക്കാരന്മാരുടെ മുറിയിൽ കണ്ടിട്ടുണ്ടെന്ന കപ്യാർ തുറക്കൽ ശ്രീ. കുഞ്ഞാഗസ്തി പറഞ്ഞതനുസരിച്ച് 1968-ൽ അന്വേഷിച്ചപ്പോൾ അതും അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്നു. ആ രേഖ കളപ്പുരയിൽ കാരണവർ വായിക്കുന്നതായി താൻ കണ്ടിട്ടുണ്ടെന്നും ഉമ്മൻ ഭാഗവതർ പറഞ്ഞു. പക്ഷേ, അത് ഏതോ കൈക്കാരൻ എടുത്തുകളഞ്ഞിരുന്നു.

"പള്ളിക്കു മുമ്പിലുള്ള നടകളിൽ എഴുത്തുകളുണ്ടായിരുന്നു. അതു വായിക്കാൻവേണ്ടി സ്കൂൾകുട്ടികളായ ഞങ്ങളെക്കൊണ്ട് കഴുകിച്ചു. സ്കൂളിലെ അറബിഅധ്യാപകനോടു വായിക്കാൻ പറഞ്ഞു. പക്ഷേ, അത് അറബിയല്ലെന്ന് അദ്ദേഹം പറഞ്ഞു". എന്നിങ്ങനെ 19-12-1989-ൽ മഞ്ചപ്പള്ളിക്കുടുംബത്തിലെ ഒരു മാന്യവയോധിക (ജോൺ മേരി) പറയുകയുണ്ടായി. സങ്കീർത്തിയുടെ വാതുക്കൽ ശിലാലിഖിതം കണ്ടിട്ടുണ്ടെന്നും ചിലർ പറഞ്ഞു.

പള്ളിസ്ഥാപനസംബന്ധിച്ച വലിയ ശിലാരേഖ (കോലെഴുത്തു) പള്ളിമുറ്റത്തുണ്ടായിരുന്നുവെന്നും അത് വായിക്കുന്നതു കേട്ടിട്ടുണ്ടെന്നും 1968-ൽ ഉമ്മൻ ഭാഗവതർ പ്രസ്താവിച്ചിട്ടുണ്ട്. മിക്ക പള്ളികളിലും കുഴിമാടത്തിൽ പേരും മരണത്തീയതിയും കുറിച്ച കല്ലുകൾ സ്ഥാപിച്ചിരുന്നു. ധാരാളം പള്ളികളിൽ ഇന്നും അവയിൽ ചിലതു കാണാനുണ്ട്. മുതലക്കോടത്ത് അത്തരമൊരു രേഖ പോലും കാണാനില്ല.

**പുതുക്കലുകൾ**

പണ്ട് മരംകൊണ്ടുള്ള വളരെ ചെറിയ ദേവാലയമാണുണ്ടായിരുന്നത്. കല്ലുകൊണ്ടു പള്ളിപണിയാൻ പോർത്തുഗീസു മിഷണറിമാരുടെ സമ്മർദ്ദം മൂലമാണ് 1575-നുശേഷം കൊച്ചിരാജാക്കന്മാർ സമ്മതിച്ചത്. കേരളത്തിൽ എവിടെയും അതായിരുന്നു സ്ഥിതിയെന്നു തോന്നുന്നു. മുഖവാരമുള്ള പള്ളി 1600-നുശേഷമാണുണ്ടായത്. മുഖവാരം യൂറോപ്യൻ ശൈലിയുടെ ഭാഗമാണല്ലോ.

മുതലക്കോടം പള്ളി അനേകപ്രാവശ്യം പുതുക്കിപ്പണിതിട്ടുണ്ട്. 1913-നുമുമ്പുള്ള പണികളെക്കുറിച്ച് അറിവില്ല. മല്പാനായിരുന്ന മാണിക്കുന്നേലച്ചൻ പള്ളി പുതുക്കിയിട്ടുണ്ടെന്നു പരമ്പരാഗതമായി പറഞ്ഞുവരുന്നു. പിന്നീട് ചെമ്പരത്തിക്കൽ മാണിയച്ചനും പുതുക്കിപ്പണിയിച്ചിട്ടുണ്ട്. മുതലക്കോടം പള്ളിയുടെ ജീർണോധാരകൻ എന്ന് ചെമ്പരത്തിക്കലച്ചനെ വിളിക്കാം.[40] കാക്കനാട് മത്തായിഅച്ചൻ (1919-1923) പള്ളിയുടെ മേൽക്കൂര നന്നാക്കിച്ചിട്ടുണ്ട്. അന്ന് ഓലമേച്ചിൽ മാറ്റി ഓടിട്ടുവെന്നു പറയപ്പെടുന്നു.

നമ്പ്യാപറമ്പിൽ പൂക്കാട് ഗീവറുഗീസച്ചൻ (1908-1915) പള്ളി പുതുക്കിപ്പണിയിച്ചുവെന്നും അന്നു അയ്യപ്പൻകുന്നിൽ നിന്നു കല്ലുചുമക്കാൻ ആറു വയസുള്ള താനും കൂടിയിട്ടുണ്ടെന്നും പാലിയക്കുന്നേൽ ശ്രീ. മത്തായി വക്കീല് (ജനനം 1080, 86 വയസ്) 1968-ൽ പറയുകയുണ്ടായി. അന്നു പൊളിച്ച പള്ളി വരാൽപ്പശചേർത്തു പണിതതായിരുന്നതുകണ്ടു പൊളിക്കാൻ പ്രയാസമായിരുന്നെന്നും ഇവിടത്തെ രൂപം കല്ലാനിക്കൽ പള്ളിക്ക് കൊടുക്കാൻ കളപ്പുര തൊമ്മൻ കൈക്കാരനായിരിക്കേ വികാരിയച്ചൻ നിശ്ചയിച്ചതിന്റെ പേരിൽ തന്റെ പിതാവ് അച്ചനുമായി പിണങ്ങിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. കുന്നേലിടത്ത് നായർപ്രബു വിവാഹത്തിന് ആവശ്യപ്പെട്ടിട്ടാണ് മറ്റത്തിൽ മുത്തി പൂർവികരുടെ നാട്ടിലേക്കു പോയതെന്ന് കേട്ടിട്ടുണ്ടെന്നും കുന്നേലിടത്തിന്റെ വീട് എരണയ്ക്കൽ വക്കീലിന്റെ പുരയിടത്തിനു വടക്കുവശത്തായിരുന്നുവെന്നും അവിടെ നിന്നു കനകപ്പൊടി കിട്ടിയിട്ടുണ്ടെന്നും തന്റെ വല്യപ്പന്റെ കാലത്ത് (ചെളുപ്പറമ്പിൽ ഇട്ടിച്ചെറിയത്) തനിക്ക് 12 വയസ്സുള്ളപ്പോൾ ആയിരിക്കണം പള്ളി നിർജനമായതെന്നും രൂപംവീട്ടിൽ സൂക്ഷിച്ചതെന്നും അദ്ദേഹം പ്രസ്താവിച്ചു.

പള്ളിറിക്കാർഡുകളിൽ കാണാവുന്ന ആദ്യത്തെ പുതുക്കിപ്പണി 1898-ൽ ആണു നടന്നത്. അന്നു പൊളിച്ച പള്ളിക്കെട്ടിടം വളരെ ചെറുതായിരുന്നു. പള്ളിപണിക്കുവേണ്ടി പള്ളിപ്പറമ്പിൽ നിന്നു രണ്ടു തേക്കിൻ തടികൾ (5 കണ്ടി) വെട്ടാൻ ട്രാവൻകൂർ ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് നല്കിയ നടച്ചീട്ട് (നമ്പർ 1724) പള്ളിയിലുണ്ട്. 1073 മീനം 22-ലെ ചീട്ടാണത് (ഏ.ഡി. 1898). വില്ക്കാൻ അനുവദിച്ച ഉത്തരവിന്റെ നമ്പർ 95-79/5125. തീയതി 70-12-10 എന്നു രേഖപ്പെടുത്തിയിട്ടുണ്ട് (ഏ.ഡി. 1895). അക്കാലത്ത് (1895 മുതൽ 1898 വരെ) നാല് വികാരിമാർ പള്ളി ഭരിച്ചിരുന്നതായി റിക്കാർഡിലുണ്ട്. തേക്കുവെട്ടാനുള്ള അനുവാദം ഒരു ഉതുപ്പു കത്തനാർക്കാണു നല്കിയിരിക്കുന്നത് എന്നു രേഖയിൽ കാണുന്നു.

മലമേൽ ദേവസ്യാച്ചന്റെ കാലത്ത് (1940-1944) പള്ളി പുതുക്കി. അതിനായി 1941 മാർച്ച് 2-ന് എഴുതിയ എസ്റ്റിമേറ്റിലെ തുക 2950 രൂപയാണ്. അന്നു കൈക്കാരന്മാർ കുന്നുമ്മേൽ തൊമ്മൻ മത്തായി, കേളകത്ത് വർക്കി ഔസേപ്പ്, മാളിയേക്കൽ ചാക്കോ പൊലി എന്നിവരായിരുന്നു. പുതുക്കിപ്പണിയാനുള്ള അനുവാദത്തിനു 2-3-1941 അപേക്ഷിച്ചു. 1941 മാർച്ച് 4-നു അനുവാദം കിട്ടി. മുഖവാരം വരെ 41 അടി നീളം ഭിത്തി. 14 കാലുകൾ മുതലായ വിവരങ്ങളുമുണ്ട്. ആകെ ചെലവ് 7089. 4.00.

1944 മാർച്ച് 14-നുമുമ്പ് പണിപൂർത്തിയായി. പള്ളി മേയാൻ അന്ന് 333 കമത്ത് ഓടും (52 രൂപ 16 ണ 8 പൈസ) 4600 മേച്ചിൽ ഓടും (230 രൂപ) വാങ്ങിച്ചു. പള്ളിമുറി പണിയാൻ 1944-7-25-ൽ വികാരി പുളിക്കൽ ചെറിയാൻ കത്തനാർ അനുവാദത്തിന് അപേക്ഷിച്ചു (എസ്റ്റിമേറ്റ് 3500 രൂപ). അനുവാദപ്രകാരം പണിയിക്കുകയും ചെയ്തു. കുന്നംകവലയിൽ പരിയാരത്തു പുത്തൻപുരചാക്കോ 1117 മകരം 8-ന് ദാനം തന്ന ഒരു സെന്റുസ്ഥലത്ത് 1942 ജൂലൈ 7-ന് കപ്പേള നിർമ്മിക്കുകയും ചെയ്തു.

തേവർപാടത്ത് ജേക്കബ് അച്ചന്റെ കാലത്ത് (1955-1964) പള്ളി പരിഷ്കരിക്കുകയുണ്ടായി. 1973-ൽ, ചാത്തംകോട്ട് ജോർജ്ജച്ചന്റെ കാലത്ത്, നിർമ്മിച്ചതാണ് ഇപ്പോൾ കാണുന്ന ബ്രഹ്മാണ്ഡമായ ദേവാലയം. പള്ളിമുറി പല പ്രാവശ്യം പുതുക്കിപ്പണിതിട്ടുണ്ട്. പുളിക്കൽ ചെറിയാൻ അച്ചൻ (1944-1945) പണിയിച്ചതു പൊളിച്ച് കാക്കനാട് പൗലോസച്ചൻ (1964-1970) പുതുക്കി. ഇപ്പോഴത്തെ ബ്രഹ്മാണ്ഡമായ കെട്ടിടം കുന്നംകോട്ട് ജോർജ്ജച്ചൻ 2006-ൽ പണിയിച്ചതാണ്. പാരീഷ്ഹാൾ അബ്രാഹം പുളിക്കൽ അച്ചൻ (1991-ൽ) നിർമ്മിച്ചു. ഏറുഭണ്ഡാരം 1964-ൽ കാക്കനാട്ട് പോളച്ചൻ പണിയിച്ചു. കേരളത്തിലെ ആദ്യത്തെ ഏറുഭണ്ഡാരമാണത്.

**മുതലക്കോടുത്തുണ്ടായ ജനശോഷണമെന്ന പ്രശ്നം**

കീഴ്മലൈനാട്ടിലെ പല ഇടവകകളിലും പല കാലഘട്ടങ്ങളിലും ജനശോഷണമുണ്ടായിട്ടുണ്ട്. മൈലക്കൊമ്പ്, മുതലക്കോടം, കടവൂർ, നെടിയശാല, കോതമംഗലം, നാഗപ്പുഴ എന്നീ പള്ളികളിൽ ഇങ്ങനെ സംഭവിച്ചു. യുദ്ധം, പകർച്ചവ്യാധികൾ, കൊടുംവരൾച്ച, ജലപ്രളയം, കുരുമുളകുചെടികളുടെ നാശം, തമിഴ്നാടുമായുള്ള വ്യാപാരബന്ധത്തിന്റെ തകർച്ച മുതലായ പലകാരണങ്ങളും അതിനുണ്ട്. കോതമംഗലത്ത് ആദിമനൂറ്റാണ്ടുകളിൽ തകർച്ചയുണ്ടായിട്ടുണ്ട്. അതിന്റെ കാരണം വ്യക്തമല്ല.

**യുദ്ധം**

ഏ.ഡി. 1750-ൽ മാർത്താണ്ഡവർമ്മയുടെ ആക്രമണമുണ്ടായപ്പോൾ കീഴ്മലൈനാട്ടിൽനിന്ന് വളരെപ്പേർ പലായനം ചെയ്യുകയും തമിഴ്നാടുമായുള്ള വ്യാപാരബന്ധം നിലയ്ക്കുകയും ചെയ്തു. വടക്കുംകൂർ രാജാവ് നാടുവിട്ടു. വന്യമൃഗങ്ങൾ തൊടുപുഴ പ്രദേശത്ത് സ്വൈര്യവിഹാരം നടത്തി. നെടിയശാലപ്പള്ളി 1772-നും 1786-നും ഇടയ്ക്കു വിജനമായി. ആ പള്ളി ആന കുത്തിത്തകർത്തു. അവിടത്തുകാർ മാറാടി തൃപ്പൂണിത്തുറ മുതലായ സ്ഥലങ്ങളിലേക്കുപോയി. 1750-നുശേഷം ജനസംരക്ഷണത്തിന് ആരുമുണ്ടായില്ല. ഭരണക്രമം തകർന്നു. ഭരണകേന്ദ്രം തിരുവനന്തപുരമായി. തിരുവിതാംകൂർരാജാവ് നിയമിക്കുന്ന സംപ്രതിമാരാണു ഭരിച്ചത്. അവസാനത്തെ ഇളംസംപ്രതി തിരുവനന്തപുരംകാരനായ നാരായണമേനോനായിരുന്നു. അയാൾ കാരിക്കോടിനു കിഴക്കുള്ള കോവിലകത്തു താമസിക്കുകയും എല്ലാദിവസവും മഞ്ചലിൽ കാരിക്കോട് എത്തുകയും ചെയ്തിരുന്നു.

**തീവെട്ടിക്കൊള്ള**

ഇക്കാലത്ത് തമിഴ്നാട്ടിൽനിന്നു വരുന്ന തീവെട്ടിക്കൊള്ളക്കാർ (രാത്രിയിൽ ദീപയഷ്ടിയുമായി വരുന്ന കൊള്ളക്കാർ) കീഴ്മലൈനാട്ടിൽ കൊള്ള നടത്തിക്കൊണ്ടിരുന്നു. മാറാടി വരെ അവരുടെ ആക്രമണമുണ്ടായിരുന്നു. ആരക്കുഴക്കാർ അവരെ പരാജയപ്പെടുത്തി. ഏ.ഡി. 1770-നോടടുത്ത് കൊടുംവരൾച്ചയുണ്ടായപ്പോൾ കൃഷിത്തോട്ടങ്ങൾ നശിക്കുകയും കുരുമുളകു ഇല്ലാതാകുകയും ചെയ്തു.

കടവൂർപള്ളി 1845 മുതൽ 1895 വരെ വിജനമായത് മലമ്പനി മൂലമാണ്. ആ പള്ളിയും ആന കുത്തി. മുതലക്കോടത്ത് വന്യമൃഗങ്ങൾ വിഹരിച്ചു. നാഗപ്പുഴ പള്ളിയും ആന കുത്തിപ്പൊളിച്ചിട്ടുണ്ട്. ആരക്കുഴ ചുങ്കം എന്നിവയ്ക്ക് ഒരു കോട്ടവും പറ്റിയിട്ടില്ല. 1895-ൽ ആരക്കുഴ ഇടവകയിൽ 1375 കുടുംബങ്ങളും 5008 ജനങ്ങളുമുണ്ടെന്ന് ആ വർഷത്തെ സഭാപഞ്ചാംഗത്തിൽ കാണാം. 1905-ൽ മുതലക്കോടം ആരക്കുഴ ഡിവിഷനിൽ പെട്ടിരുന്നു. അന്ന് 709 പേർ ഇടവകക്കാരായിട്ടുണ്ടായിരുന്നു. 60 കുട്ടികളും രണ്ടു സ്കൂളുകളുമുണ്ടായിരുന്നുവെന്ന് എറണാകുളം അരമനയിലെ റിക്കാർഡുകളിൽ കാണാം.

**സർപ്പങ്ങളും ക്രൂരമൃഗങ്ങളും**

സഹ്യപർവതത്തോടു തൊട്ടുകിടക്കുന്ന താഴ്വാരത്തിൽ സർപ്പങ്ങളും വന്യമൃഗങ്ങളും കൂടെക്കൂടെ ആക്രമിക്കുക സ്വാഭാവികമാണ്. ഏ.ഡി. 1876-ൽ മദ്രാസിനോടു ചേർന്ന ജില്ലകളിൽ 532 സർപ്പങ്ങളെയും ആന കടുവ കരടി മുതലായ 6336 മൃഗങ്ങളെയും കൊല്ലിച്ചുവെന്നും ബ്രിട്ടീഷ് സർക്കാർ 29844 രൂപ അതിനു പ്രതിഫലം

നല്കിയെന്നും സർപ്പങ്ങളെ കൊല്ലാൻ സർക്കാര് കഴിഞ്ഞ കാലങ്ങളിലേതുപോലെ പ്രതിഫലം കൊടുക്കാത്തതുകൊണ്ടും സർപ്പങ്ങളെ കൊല്ലുന്നവർ റിപ്പോർട്ടു ചെയ്യാത്തതുകൊണ്ടും സർപ്പവധക്കണക്ക് കൃത്യമായിട്ട് അറിയാനാവുകയില്ലെന്നും 1875-ൽ 3075 സർപ്പങ്ങളെ കൊന്നതിന്റെ കണക്കുണ്ടെന്നും സത്യനാദകാഹളത്തിൽ പറയുന്നു.[41]

### വെട്ടുകിളികൾ

കേരളത്തിലും തിരുനെൽവേലിയിലും 1878 മേടമാസത്തിൽ വെട്ടുകിളികളുടെ വൻസംഘങ്ങൾ ആക്രമിച്ചതായി സത്യനാദകാഹളത്തിൽ പറയുന്നുണ്ട്. അവയെക്കുറിച്ചുള്ള വിവരണവും അതിലുണ്ട് (പുറം 282).[42]

### പകർച്ചവ്യാധികൾ

വസൂരിയും കോളറയും മലമ്പനിയും ക്ഷയവും പേപ്പട്ടിവിഷബാധയും അടുത്തകാലം വരെ കേരളത്തിൽ നടമാടിയിരുന്നു. കേരളത്തിൽ വ്യാപകമായിരിക്കുന്ന വസൂരിബാധയെക്കുറിച്ച് 1878 മിഥുനത്തിലെ സത്യനാദകാഹളത്തിൽ പറയുന്നു (പുറം 272). ഉടുമ്പന്നൂരിൽ ഒരു വർഷമുണ്ടായ വസൂരിബാധയിൽ പുത്തൻവീട്ടിൽ എന്ന നായർ കുടുംബമൊഴികെ എല്ലാ കുടുംബങ്ങളും തകർന്നു. മുസ്ലീം കുടുംബങ്ങളിൽ മിക്കവരും മരിച്ചു.

ആദ്യമായി പ്രതിരോധ കുത്തിവയ്പ് തമിഴ്നാട്ടിലെ പോണ്ടിച്ചേരിയിൽ 1803-1804 വർഷങ്ങളിലാണു നടന്നത്. ആബെ ജെ.എ. ദുബോ എന്ന ഫ്രഞ്ചുമിഷണറി സവർണഹിന്ദുക്കളുടെ എതിർപ്പുണ്ടായിട്ടും അന്ന് 25432 പേർക്ക് കുത്തിവയ്പുനല്കി.[43]

കേരളത്തിൽ ആയില്യം തിരുനാളിന്റെ കാലത്ത് (1860-1880) വരാപ്പുഴ മെത്രാപ്പോലീത്ത ബർണർദീനോസ് 1867 ആഗസ്റ്റ് 26-ന് പള്ളികളിലേക്കു കല്പന അയച്ചു. രാജാവും ദിവാനും കല്പിക്കുന്നതിനുസരിച്ച് എല്ലാവരും പ്രതിരോധ കുത്തിവയ്പ് സ്വീകരിക്കണമെന്നാണ് അതിൽ പറയുന്നത്. അക്കാലം മുതലാണ് വസൂരി നിയന്ത്രിച്ചത്. എന്നാലും 1930 വരെ വസൂരിബാധ പതിവായിരുന്നു. തമിഴ്നാട്ടിൽ എല്ലാ വേനൽക്കാലത്തും വസൂരിബാധയുണ്ടാകും. കച്ചവടക്കാർ അതു കേരളത്തിലേക്കു കൊണ്ടുവരും. അവരുടെ കുടികൾ ആദ്യം തകരും.

### ഇടവക വൈദികരും വികാരിമാരും

എറണാകുളം അരമനയിൽ 1882 മുതലുള്ള കണക്കുകളേ ഉള്ളൂ. അതിനു മുമ്പുള്ള വൈദികരെയും വികാരിമാരെയും കുറിച്ച് അറിയാൻ പാരമ്പര്യത്തെ ആശ്രയിക്കേണ്ടിവരും. പാദ്രോവാദോ ഭരണത്തിൻ കീഴിൽ കഴിഞ്ഞിരുന്ന പള്ളികളുടെ കണക്കുകൾ ലഭ്യമല്ല.

ഏ.ഡി.1800-നോടടുത്തു ജനിച്ച മാണിക്കുന്നേൽ മാണിയച്ചനെപ്പറ്റി ആളുകൾ പറയാറുണ്ട്. 1881 മുതലുള്ള പഞ്ചാംഗങ്ങളിൽ അദ്ദേഹത്തിന്റെ പേരില്ല. മാണിക്കുന്നേൽക്കാര് കൊടുങ്ങല്ലൂരിൽ നിന്നു വന്നവരാണെന്നു കേൾക്കുന്നു. പെരുംപള്ളിച്ചിറയുടെ തൊട്ടു കിഴക്കാണു തറവാട്. അച്ചൻ താമസിച്ചിരുന്ന വീട് അയ്യപ്പൻകുന്നു (വടക്കേ മാളിയേക്കൽ) എന്ന പുരയിടത്തിലാണ്. അദ്ദേഹം മല്പാനായിരുന്നുവെന്നും മുതലക്കോടത്തു വികാരിയായിരുന്നുവെന്നും പള്ളി പുതുക്കിയിട്ടുണ്ടെന്നും ഏറെ വസ്തുക്കൾ പള്ളിക്കു നല്കിയെന്നും ബന്ധുക്കൾ പറയുന്നു. അയ്യപ്പൻകുന്നിൽ മൂന്നു പുരത്തറകളുണ്ടായിരുന്നു. അദ്ദേഹത്തിന്റെ സഹോദരന് രണ്ടു പെൺമക്കളേ ഉണ്ടായിരുന്നുള്ളൂ. അവരെ ചെമ്പരത്തിക്കൽ കുടുംബത്തിലെ കളപ്പുര പൈലിയും പുതിയേടത്തു കുന്നേൽ ആഗസ്തിയുമാണ് വിവാഹം ചെയ്തത്. മാണിക്കുന്നേൽ മറിയത്തെ (1875) പാലിയക്കുന്നേൽ ചെറിയ (1873) 1889-ൽ വിവാഹം ചെയ്തതായി പള്ളിയുടെ 1894-ലെ ആത്മസ്ഥിതി പുസ്തകത്തിലുണ്ട് (വീടു നമ്പർ 22).

മാണിക്കുന്നേൽ കുടുംബത്തിൽ ആൺവഴി പെരുമ്പള്ളിച്ചിറ - മുതലക്കോടം ഭാഗങ്ങളിലില്ല. എന്നാൽ മാറാടിയിൽ കുരുക്കുന്നപുരം ഇടവകയിലെ കൊച്ചുകുടി, പൂമറ്റം, ഉള്ളനാൽ മുതലായ കുടുംബക്കാർ ആൺവഴി സന്തതികളാണ്.[44] അവർ മുതലക്കോടത്തും മൈലക്കൊമ്പിലും വന്നു നേർച്ച നടത്താറുണ്ട്. 1800-നോടടുത്ത് ആണ് അവരുടെ പൂർവികൻ മാറാടിയിലെത്തിയത്. ഏനാനല്ലൂരുള്ള പുന്നോലിൽ കുടുംബം മാണിക്കുന്നേൽ കുരുവിളയുടെ സന്തതിപരമ്പരയാണ്. കുരുവിളി പുന്നോലിക്കുടുംബത്തിൽ ദത്തുനിന്നതാണ്.[45] മുതലക്കോടത്തുള്ള മിക്ക കുടുംബങ്ങളും മാണിക്കുന്നേൽക്കാരുടെ ബന്ധുക്കളാണ്.

ചെമ്പരത്തിക്കൽ മാണിയച്ചനാണു പിന്നീടു മുതലക്കോടംപള്ളി നടത്തിയതും പുതുക്കിയതും. അദ്ദേഹത്തെ പ്പറ്റിയുള്ള വിവരങ്ങൾ "ചെമ്പരത്തിക്കുടുംബവും മലനാടും" എന്ന കുടുംബചരിത്രത്തിൽ നല്കിയിട്ടുള്ളതു കൊണ്ട് ഇവിടെ വിവരിക്കേണ്ടതില്ല.[46] പ്രഗല്ഭരായ പല വൈദികരും ആ കുടുംബത്തിൽ ഉണ്ടായിട്ടുണ്ട്. ധാരാളം ഭൂമി ആ കുടുംബക്കാർ പള്ളിക്കു ദാനമായി നല്കിയിരുന്നു.

ചെമ്പരത്തിക്കൽ മാണിയച്ചൻ കൊല്ലവർഷം 1068-ൽ 314-ാം നമ്പറായി തീറാധാരമെഴുതിയെന്നും 1069-ൽ 183-ാം നമ്പറായി മരണപത്രമെഴുതിയെന്നും കൊച്ചുപുത്തൻപുര പൈലി മത്തായി 1923 ഏപ്രിൽ 19-ന് എറ ണാകുളം അരമനയിലേക്കയച്ച ഒരു അപേക്ഷയിൽ പരാമർശിച്ചിട്ടുണ്ട്. മുതലക്കോടം പള്ളിയുടെ ജീർണോ ധാരകൻ ചെമ്പരത്തിക്കൽ മാണിയച്ചനാണെന്നും പൊതുവേ വിശ്വസിക്കപ്പെടുന്നു.

1881 മുതൽ 1894 വരെ ദേശത്തു പട്ടക്കാരൻ പുത്തൻപുരക്കൽ മാണിയച്ചൻ എന്ന് രൂപതയുടെ പഞ്ചാംഗത്തി ലുണ്ട് (അതിനു മുമ്പുള്ള പഞ്ചാംഗം ലഭ്യമല്ല). നാട്ടുമെത്രാന്മാരെ കിട്ടാനുള്ള അപേക്ഷയിൽ മാന്നാനത്തു വച്ച് 1876 മെയ് 25-ന് ഒപ്പുവച്ചവരിൽ ഒരാൾ കൊച്ചുപുത്തൻപുരക്കൽ മാണിക്കത്തനാരാണ്.[47] അദ്ദേഹം 1894 -ൽ മരിച്ചുവെന്നു പഞ്ചാംഗത്തിൽ പറയുന്നുണ്ട്.

മുതലക്കോടത്ത് 1890-ൽ വികാരി മാന്നാത്ത് തോമ്മാ പട്ടക്കാരൻ എന്നും 1891-ൽ വികാരി നമ്പ്യാപറമ്പിൽ ഗീവറുഗീസു പട്ടക്കാരൻ എന്നും 1892-ൽ വികാരി മാറാട്ടുകുളത്തിൽ തോമ്മാ കത്തനാരെന്നും 1893-ൽ വികാരി തേവർകുന്നേൽ കുര്യൻ കത്തനാരെന്നും രൂപതവക പഞ്ചാംഗത്തിൽ പറയുന്നു. 1895 മുതൽ ഭരിച്ച വികാരി മാരുടെ പട്ടിക മുതലക്കോടംപള്ളിയുടെ റിക്കാർഡുകളിൽ ഉള്ളതുകൊണ്ട് ഇവിടെ വിവരിക്കുന്നില്ല.

**സാമ്പത്തികത**

ആരക്കുഴ മൈലക്കൊമ്പ് മുതലക്കോടം മുതലായ കീഴ്മലൈനാടൻ ഇടവകകളുടെ സാമ്പത്തികശേഷി കാണി ക്കുന്ന 1787-ലെ ഒരു കണക്ക് ലഭ്യമാണ്.

ക്രൈസ്തവർക്ക് കാലക്രമം കൊണ്ടും വിദേശീയഭരണം കൊണ്ടും നഷ്ടപ്പെട്ട പദവികൾ വീണ്ടും നല്കാൻ തച്ചിൽ മാത്തുതരകന്റെ നേതൃത്വത്തിൽ തിരുവിതാംകൂർ രാജാവിനോട് ഏ.ഡി. 1787-ൽ അപേക്ഷിക്കുകയും അടിയറവായി 207360 കലിപ്പണം (30908 1/2 രൂപ) സമർപ്പിക്കുകയും ചെയ്തു. അന്നു 60 പള്ളികളിൽനിന്ന് പിരിവെടുത്തു. അതിൽ കീഴ്മലൈനാട്ടിൽപ്പെട്ട ചില പള്ളികളുടെ പിരിവുതുകയുടെ കണക്ക് താഴെക്കാ ണുന്നു:[48]

| ഇടവക | പള്ളിയിൽനിന്ന് | ജനങ്ങളിൽനിന്ന് |
|---|---|---|
| മൈലക്കൊമ്പ് | 340 | 700 |
| ചുങ്കം | 600 | 830 |
| നെടിയശാല | 30 | 100 |
| നാഗപ്പുഴ | 33 | 300 |
| മുതലക്കോടം | 300 | 1000 |
| ആരക്കുഴ | 2850 | 2000 |
| കാരക്കുന്നം | 40 | 350 |
| കോതമംഗലം | 1400 | 2500 |
| കുറുപ്പുംപടി | 75 | 900 |
| പിറവം | 60 | 200 |

1767-ൽ വരാപ്പുഴ വികാരി അപ്പസ്തോലിക്കായായിരുന്ന ഫ്ളൊറെൻസിയൂസ് മെത്രാൻ ശേഖരിച്ച സെൻസസ് പ്രകാരം കീഴ്മലൈ നാട്ടിലുള്ള ചില നാടുകളിലെ കത്തോലിക്കാ ജനസമൂഹത്തിന്റെ കണക്ക് താഴെ കൊടു ക്കുന്നു:[49]

| | ജനം | വൈദികർ |
|---|---|---|
| മൈലക്കൊമ്പ് | 350 | 2 |
| നാഗപ്പുഴ | 340 | 1 |
| മുതലക്കോടം | 160 | 1 |
| ചുങ്കം | 500 | 4 |
| പിറവം | 140 | 1 |

വടകര 300 1

**മുതലക്കോടം ഇടവകയിലെ സ്ഥാപനങ്ങൾ**

തിരുഹൃദയമഠം 1947-ൽ സ്ഥാപിച്ചു. 1961-ൽ സ്ഥാപിച്ച ഡിസ്പെൻസറി ഇന്നു വലിയ ആശുപത്രിയാണ്. 1931 -ൽ എൽപിസ്കൂളും 1949-ൽ മിഡിൽ സ്കൂളും 1949-ൽ ഗേൾസ് ഹൈസ്കൂളും തുടങ്ങി. ഏഴുമുട്ടത്ത് 1935-ൽ എൽപി സ്കൂൾ സ്ഥാപിച്ചു. 1974-ൽ അക്വീനാസ് പാരലൽ കോളേജ് മറ്റത്തിൽ മുത്തിയുടെ പുരയിടത്തിന്റെ കിഴക്കുഭാഗത്ത് സ്ഥാപിച്ചു. ഇന്നത് ഹൈസ്കൂളാക്കി മാറ്റി.

1998-ൽ സെന്റ് ജോർജ്ജ് ഹയർസെക്കണ്ടറി സ്കൂൾ തുടങ്ങി. 2000-ൽ ആരാധനാസിസ്റ്റേഴ്സ് സ്നേഹാലയം തുടങ്ങി. 2002-ൽ മങ്ങാട്ടുകവലയിൽ ഗ്രോറ്റോ നിർമ്മിച്ചു. 1930-ൽ ഡിസംബർ 1-ന് പള്ളി നടത്തിയിരുന്ന സ്കൂൾ സർക്കാർ ചാലംകോട്ടേക്കു മാറ്റിയതായി കാണുന്നു.

**പള്ളിയിലെ റിക്കാർഡുകൾ**

1895 ഇടവം മുതലുള്ള മാമ്മോദീസാക്കണക്കും 1924 മുതലുള്ള വിവാഹരജിസ്റ്ററും 1894-ലെ ആത്മസ്ഥിതി പുസ്തകവും ഉണ്ട്. അത് അപൂർണമാണ്. 142 കുടുംബങ്ങളേ അതിലുള്ളൂ. പിന്നീട് 1914-ൽ എഴുതിയ ആത്മ സ്ഥിതിയിൽ 408 കുടുംബങ്ങളുണ്ട്. ഭൂമിസംബന്ധമായ റിക്കാർഡുകൾ, പള്ളിപുതുക്കൽ പരമായ റിക്കാർഡു കൾ, നാളാഗമം മുതലായവയും ഉണ്ട്. ഇരുനൂറുവർഷത്തെ ചരിത്രം അവയിൽനിന്നു ശേഖരിക്കാം. ഇടവക യുടെ തളർച്ചയും പിന്നീടു പെട്ടെന്നുണ്ടായ വളർച്ചയും അവയിൽ നിന്നു ഗ്രഹിക്കാം.

1833-ൽ വരാപ്പുഴ രൂപതയിലെ 41 പള്ളികളുടെ കണക്ക് ലഭ്യമാണ്. അന്ന് 106 പട്ടക്കാരും 25 ശെമ്മാശ്ശന്മാരും 30607 ക്രിസ്ത്യാനികളും 11 കുരിശുപള്ളികളും വരാപ്പുഴയുടെ കീഴിലുണ്ടായിരുന്നു. മൈലക്കൊമ്പിൽ 1 പട്ട ക്കാരനും 252 ജനവും നാഗപ്പുഴയിൽ 2 പട്ടക്കാരും 162 ജനവും കോതമംഗലത്ത് 2 വൈദികരും 1 ശെമ്മാ ശനും 710 ജനങ്ങളും കാരക്കുന്നത്ത് 2 പട്ടക്കാരും 305 ജനങ്ങളും. നെടിയശാല, ആരക്കുഴ, മുതലക്കോടം എന്നിവയുടെ കണക്കില്ല. അവ അന്നു വരാപ്പുഴയുടെ കീഴിലായിരുന്നില്ല. 37 പള്ളികൾ പാദ്രുവാദോയുടെ കീഴിലായിരുന്നു.[50]

**അതിർത്തി നിശ്ചയം**

മുതലക്കോടം - മൈലക്കൊമ്പു കരിമണ്ണൂർ ഇടവകകളുടെ അതിർത്തി 1930 ഒക്ടോബർ 27-നു നടന്നതായി പള്ളിറിക്കാർഡിൽ നിന്നു മനസ്സിലാക്കാം.

**നേർച്ചക്കാരുടെ പ്രവാഹം തീർത്ഥാടനകേന്ദ്രത്തിലേക്ക്**

പൂർവികരുടെ ദേവാലയത്തിൽ നേർച്ചനടത്തുക ക്രിസ്ത്യാനികളുടെ പതിവാണ്. മുതലക്കോടത്തുനിന്നു പോയ വരുടെ സന്തതിപരമ്പരകൾ മുതലക്കോടത്തു നേർച്ചകഴിക്കാൻ ഇന്നുംവരുന്നുണ്ട്. ആരക്കുഴ, വടകര, മാറിക, മൈലക്കൊമ്പ് മുതലായ പള്ളികളിലും ഇങ്ങനെ തന്നെ ചെയ്യുന്നു. വീടുവയ്ക്കാനോ കിണർ കുഴിക്കാനോ സ്ഥാനം കാണുന്ന ആശാരിമാർ പ്രത്യേകം നിർദ്ദേശിക്കാറുണ്ട് പൂർവികരുടെ പള്ളിയിൽ നേർച്ച നടത്തിയിട്ട് പണിതുടങ്ങാൻ. പൂർവികരുടെ ദേവാലയം ഏതാണെന്നു തലമുറകളായി ഓർമ്മിക്കാൻ ഇത് ഇടയാക്കുന്നു.

മുതലക്കോടം ഒരു സുപ്രസിദ്ധ തീർത്ഥാടനകേന്ദ്രമാണ്. നിരന്തരം ആളുകൾ വിവിധ ഇനം നേർച്ചകൾ കഴി ക്കാൻ വരുന്നുണ്ട്. മുതലക്കോടത്തു നിന്നു കടമറ്റത്തിനുപോയ മറ്റത്തിൽക്കാർ പലപ്പോഴും മണികൾ നേർച്ച യായി കൊണ്ടുവന്നിരുന്നു. കുറുപ്പുതറയിൽനിന്ന് ഉമ്മിണിയിൽക്കാർ കാസ കൊണ്ടുവന്നു. ഇന്നു മിക്കവരും കുർബാന ചൊല്ലാനുള്ള കുർബാന ധർമ്മവും ഊട്ടുനേർച്ചക്കുള്ള പൈസുയം നല്കുന്നു.

ഊട്ടുനേർച്ചയും കോഴിനേർച്ചയും ധാരാളമായി നടക്കുന്നുണ്ട്. ഊട്ടുനേർച്ച് ഹൈന്ദവപാരമ്പര്യത്തിൽപ്പെട്ട താണ്. ബർണർദീനോസ് മെത്രാപ്പോലീത്ത അതിനെ ക്രൈസ്തവമാക്കിയത് 12 ശ്ലീഹന്മാരുടെ സ്തുതിക്കായി 12 പേർക്കു ഭക്ഷണം കൊടുക്കുകയെന്ന വ്യവസ്ഥ ചെയ്തുകൊണ്ടാണ്. ചാത്തവും (ശ്രാദ്ധം) ഊട്ടും ആദിമ കാലത്തു ക്രിസ്ത്യാനികളായവരുടെ സന്തതികൾ തുടർന്ന ഹൈന്ദവപാരമ്പര്യമാണ്. മൂന്നുപേർക്കുള്ള ഊട്ടും നടത്താറുണ്ട്. യൗസേപ്പുപിതാവിനെയും മാതാവിനെയും ഉണ്ണിഈശോയെയും ഓർത്ത് മൂന്നുപേർക്ക് (മു ത്തനും മുത്തിക്കും ബാലനും) ഭക്ഷണം നല്കലാണത്. ഇക്കാലത്ത് ഊട്ടുണ്ണാൻ ആളുകളെ കിട്ടാനില്ല. വണ്ടമറ്റം പള്ളിയിൽ നടത്തിയിരുന്ന 12 പേർക്കുള്ള ഊട്ട് മുതലക്കോടത്തേക്ക് ബർണദീനോസ് മെത്രാപ്പോ

ലീത്തയുടെ കല്പനപ്രകാരമാണു മാറ്റിയത്. ഊട്ടിന് "വെള്ളംകുടി" നടത്തുകയെന്നു പറഞ്ഞിരുന്നു. കഴിഞ്ഞ നൂറ്റാണ്ടുവരെ ആ ശൈലിക്ക് വിരുന്നു നടത്തുകയെന്നേ അർത്ഥമുണ്ടായിരുന്നുള്ളൂ. രോഗികൾക്കു കുർബാന കൊണ്ടുകൊടുക്കുന്നതിനും അങ്ങനെയാണു പറഞ്ഞിരുന്നത്.

അടിമവയ്ക്കൽ പൗരാണികകാലം മുതലേ നടക്കുന്ന ഒരു പ്രധാന നേർച്ചയാണ്. കോഴിനേർച്ച സർപ്പഭയം മൂലമുണ്ടായതാണ്. പുതുപ്പള്ളി (യാക്കോബായ പള്ളി), ഇടപ്പള്ളി എന്നിവിടങ്ങളിൽ മൃഗബലിയുടെ ഛായ അതിനുണ്ട്. പൗരാണികകാലത്ത് ഹൈന്ദവരും യഹൂദരും മൃഗബലി നടത്തിയിരുന്നല്ലോ.

**കുറിപ്പുകൾ**

1. a) N.K. Mangalamurugesan. *Sangam Age*, Thendral Papippakam, Madras, 1982, pp. 49, 50.
b) ഏ.ശ്രീധരമേനോൻ, *കേരളചരിത്രം*, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 1967, പുറം 91, 92, 182.
2. P.T. Srinivas Iyengar, *History of the Tamils*, Asian Educational Services, New Delhi, 1983, pp. 3-4.
3. a) ഏ. ശ്രീധരമേനോൻ, *കേരളചരിത്രം*, op.cit. pp. 246, 247.
b) A. Sreedhara Menon, Kerala District gazatteirs, Trivadnrum, 1965, p. 102.
4. ഇളംകുളം കുഞ്ഞൻപിള്ള, *ജന്മിസമ്പ്രദായം കേരളത്തിൽ*, നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം, 1966, പുറം 47, 48, 64.
5. ഏ. ശ്രീധരമേനോൻ, *കേരളചരിത്രം*, op. cit. pp. 163, 175.
6. Lipco Tamil - *Tamil Angela Akarathi*, Little Palvar Co., Chennai, 1978.
7. a) ഏ. ശ്രീധരമേനോൻ, *കേരളചരിത്രം*, op. cit. pp. 123-127.
b) Romila Thapar, *Asoka and the Decline of Mauryas*, Oxford University Press, New Delhi, 1983, pp. 132-136.
c) P.V. Bapat, *2500 years of Buddhism*, Publication Dept., Govt of India, New Delhi, 1976, pp. 44, 75.
8. ഇളംകുളം കുഞ്ഞൻപിള്ള, *ചേരസാമ്രാജ്യം ഒൻപതും പത്തും നൂറ്റാണ്ടുകളിൽ*, നാഷണൽ ബുക്കുസ്റ്റാൾ, കോട്ടയം, 1961, പുറം 94, 95.
9. a) A Sreenivas Iyengar, *History of the Tamils*, op. cit. pp 36-43, 96-101, 129-147, 192-202, 301-320.
b) ഏ. ശ്രീധരമേനോൻ, *കേരളചരിത്രം*, op. cit. 78-90.
10. ഏ.ശ്രീധരമേനോൻ, *കേരളചരിത്രം*, op. cit. pp. 82-83.
11. Ward and Conner, *Memoir of the Survey of Travancore and Cochin States* Vol. I Govt. of Kerala, 1994, pp. 50-54.
12. ഡോ. ജോർജ്ജ് കുരുക്കൂർ, *ഒരു വംശവും പല നാടുകളും*, പി.ഒ.സി. പാലാരിവട്ടം 2002. ഭാഗം 1, പുറം 220. 163, 164. 213 –214.
13. Lipco Tamil - *Tamil Angela Akarathi* (op. cit).
14. ഏ. ശ്രീധരമേനോൻ, *കേരളചരിത്രം*, op. cit. പുറം 181.
15. ഈ പള്ളികളുടെ സ്ഥാപനത്തെക്കുറിച്ച് അവയെ സംബന്ധിച്ച ചരിത്രഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുള്ളതുകൊണ്ട് ഇവിടെ വിവരിക്കുന്നില്ല. മൈലക്കൊമ്പ് പള്ളി ആറാം നൂറ്റാണ്ടിൽ സ്ഥാപിക്കപ്പെട്ടുവെന്നു ചില ഗ്രന്ഥങ്ങളിൽ കാണുന്നത് അവിടത്തെ മണിയിലെ കോലെഴുത്തു ലിഖിതം തെറ്റിച്ചു വായിച്ചതുകൊണ്ടാണ്. ആ മണി 606–ൽ അല്ല. 1606–ൽ ആണു നിർമ്മിച്ചത്. ആ ലിഖിതം ഞാൻ നേരിട്ടു വായിച്ച് പകർത്തി താലന്തുമാസികയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.
16. cf. പി.ജെ.തോമസ്, *കേരളത്തിലെ ക്രിസ്തീയസാഹിത്യം*, ഒന്നാം പതിപ്പ്, അതിരംപുഴ പ്രിന്റിങ് & പബ്ലിഷിങ് കമ്പനി. 1935, പുറം 66.
17. cf. ബർബർദ് തോമ്മാ, *മാർത്തോമ്മാ ക്രിസ്ത്യാനികൾ*, വാല്യം 1 സെന്റ് തോമസ് പ്രസ്, പാല, 1916, പുറം 301–303.
18. അവിടെത്തന്നെ, പുറം 305–309. മൗലാനയെന്നത് സുറിയാനിപദമാണ്. പ്രഭി എന്നാണർത്ഥം.
19. ജോർജ്ജ് കുരുക്കൂർ, *ഒരു വംശവും പല നാടുകളും*, op. cit. ഭാഗം 1, 2002, പും 109.
20. Fr. James Puliurumpil (Editor), *പാലാ രൂപതയിലെ ഇടവകകളുടെ ചരിത്രം*. Diocesan Curia, Pala, 1997, പുറം 78, 79.
21. ജോർജ്ജ് കുരുക്കൂർ, *ചായൽ മുതൽ കാരക്കുന്നംവരെ*, പി.ഒ.സി. പാലാരിവട്ടം, 2002, പുറം 21–29.
22. Fr. Jacob Aeranat (Editor), *എറണാകുളം അതിരൂപത ചരിത്രാവലോകനം ശതാബ്ദി സ്മരണിക*, Archdiocesan Curia Ernakulam, 1996, പുറം 283–284.
23. Paul Manalil (Chief Editor), *മുറിമറ്റത്തിൽ ബാവയുടെ കാതോലിക്കാ സ്ഥാനാരോഹണം സ്മരണിക*, 80–ാം വാർഷികം, 1992, കോലഞ്ചേരി, പുറം 77, 78.
24. ബർണാർദ് തോമ്മാ, *മാർത്തോമ്മാ ക്രിസ്ത്യാനികൾ*, മാന്നാനം, 1921, വാല്യം 2, പുറം 114.
25. പി.ജെ. തോമസ്, *കേരളത്തിലെ ക്രിസ്തീയസാഹിത്യം*, op. cit. 1935, പുറം 5.
26. പോത്താനിക്കാട് മറ്റത്തിൽ വർക്കിചാക്കോ (22–9–84), പോത്താനിക്കാട് പടിഞ്ഞാറേക്കുടി കുര്യാക്കോസ് (20–4–1986), കുറവിലങ്ങാട് ഉമ്മിണിയിൽ മാത്യു പൈലി (കോഴ പിഒ), ഓരത്തേൽ പുത്തൻപുരക്കൽ സ്കറിയ ജോസഫ് (1975 ജനുവരി 6) എന്നിവർ തന്ന സാക്ഷ്യങ്ങളുടെ സംഗ്രഹമാണിത്. മറ്റത്തിൽ മുത്തിയുടെ വംശക്കാരൻ ഓരത്തേൽ സ്കറിയാ ജോസഫ് തന്ന സാക്ഷ്യത്തിലുള്ള കൂടുതൽ വിവരങ്ങൾ താഴെ ചേർക്കുന്നു: ചെലവിൽ ഓരത്തേൽ അരയന്റെ 20 ഏക്കർ സ്ഥലം പതിച്ചിട്ടില്ലാത്ത ഭൂമി വാങ്ങിച്ച് കൊല്ലവർഷം 88–ൽ (ഏ.ഡി. 1913) വന്നു താമസിച്ചു. വന്നിട്ട് ഉടനെ ഇവിടെ തിരുനാൾ നടത്തി. വാരികാട്ടച്ചൻ കലയന്താനി വികാരിയായിരിക്കേ മുതലക്കോടത്ത് കണ്ടത്തിലച്ചൻ വികാരിയായിരിക്കേ (1931–1935) ഞാൻ മുതലക്കോടത്തു തിരുനാൾ നടത്തിയിട്ടുണ്ട്. മരണാവശ്യത്തിനു സർവസാധനങ്ങളും അവകാശമായി കിട്ടിയിരുന്നു. 1954 മെയ് 7–നു കുര്യൻ സ്കറിയയുടെ ഭാര്യ മരിച്ചപ്പോൾ തേവർപാടത്തച്ചൻ വികാരിയായിരുന്നു. എല്ലാ വർഷവും പെരുനാളിന്

ഒരു കോഴിയെ തന്നിരുന്നു. തിരുനാൾ നടത്തിയ വർഷം ജോൺ വിയാനിയുടെ ഒരു പുസ്തകം വികാരിയച്ചൻ വായിക്കാൻ തന്നു. പള്ളിവച്ചത് മറ്റത്തിൽ മുത്തിയാണ്. അവർ വിധവയായിരുന്നു. ഇടപ്രഭു വരുമെന്നു പറഞ്ഞദിവസം കിടക്കയിൽ പട്ടു വിരിച്ച് കട്ടിലിൽ പെൺപട്ടിയെ കെട്ടിയിട്ട് എഴുത്ത് എഴുതിവച്ച് രാത്രിയിൽ പോയി. ഞങ്ങളുടെ ശാഖയിൽ ഒരാണു മാത്രമേ ജനിക്കാറുള്ളൂ. ധാരാളം പെൺകുട്ടികളും. പോത്താനിക്കാട് മറ്റത്തിലും ഇങ്ങനെ തന്നെ. മുട്ടുചിറയിൽ എൺപതോളം വീട്ടു കാരുണ്ട്. എല്ലാവരും കൂടി ചെലവിട്ട് പണിയിച്ച ഒരു കാസ പള്ളിക്കു കൊടുത്തിട്ടുണ്ട്. കുറുപ്പുംതറയിലെ ചാത്തൻതറക്കു ടുംബം ഈ വംശമാണ്. എന്റെ പൂർവികൻ പില്ക്കാലത്താണു പോയത്. ഇവിടെ നിന്നു പോയപ്പോൾ പുണ്യവാളന്റെ വടി മുടി ചെരിപ്പു മുതലായവ വേലക്കാരൻ കുറുപ്പുംതറക്കാരൻ ചോഴൻ (കിഴക്കൻ പ്രദേശത്തു നിന്നു വന്നവൻ) എടുത്തിരു ന്നു. അവൻ വടി ഉരുക്കിവിറ്റു പണക്കാരനായി. അയാളുടെ മക്കൾ പ്രൊട്ടസ്റ്റന്റു സഭയിലാണ്. അവർക്കു ഭ്രാന്തു പിടിച്ചു.

27. ചെമ്പരത്തി കുടുംബയോഗം, *ചെമ്പരത്തി കുടുംബവും മലനാടും*, 2009, പുറം 100, 101.

28. വെള്ളാളർ ക്ഷത്രിയവർഗമാണെന്നു പറയപ്പെടുന്നു. അവരുടെ ആചാരമര്യാദകളെല്ലാം സുറിയാനി ക്രിസ്ത്യാനികളുടേതാ ണെന്ന് അവർ തന്നെ പറയുന്നുണ്ട് (1978-ൽ ഒരു വൃദ്ധൻ തന്ന സാക്ഷ്യം). പണ്ട് അവർ ക്രിസ്ത്യാനികളായിരുന്നെന്നു തോന്നുന്നു. യഹൂദരുടെ സന്തതിപരമ്പരകളാണെന്നു വിശ്വസിക്കുന്നവരുമുണ്ട്.

29. a) ഇളംകുളം കുഞ്ഞൻപിള്ള, *ചില കേരളചരിത്രപ്രശ്നങ്ങൾ*, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 1963, പുറം 198.

b) കേരള ഹിസ്റ്ററി അസോസിയേഷൻ, *കേരളചരിത്രം*, എറണാകുളം 1973, വാല്യം 1, പുറം 922.

30. ഈ വിഷയത്തിൽ പല തടസ്സവാദങ്ങളുമുണ്ടാകാം: 1) ആദ്യകാലത്ത് യുദ്ധക്കളവും പില്ക്കാലത്ത് കുറ്റക്കാരെ ആർപ്പു വിളിച്ചു കൊണ്ടുവന്നു കൊല്ലുന്ന സ്ഥലവുമായ ആർപ്പാമറ്റത്ത് പള്ളി സ്ഥാപിക്കൽ നടക്കുമോ? 2) 1914-15 കാലത്ത് മൈല ക്കൊമ്പിലും മുതലക്കോടത്തുമുള്ള കാരണവന്മാർ ബഹുമാനപ്പെട്ട യാക്കോബ് നമ്പ്യാപറമ്പിലച്ചനു നല്കിയ വിവരണ ത്തിൽ ഇങ്ങനെ ഒരു സംഭവം പറഞ്ഞിട്ടില്ല. 3) 1968, 1975, 1984, 1989 എന്നീ വർഷങ്ങളിൽ മുതലക്കോടത്തെ കാരണവന്മാ രോടു ചോദിച്ചപ്പോൾ മറ്റത്തിൽ മുത്തി വച്ച പള്ളിയാണെന്നു പറഞ്ഞിട്ടുണ്ട്. പറഞ്ഞവരിൽ വൈദികരും വക്കീലന്മാരും ഉൾപ്പെടുന്ന അറിവുള്ളവരുണ്ടായിരുന്നു. 4) 1993-ൽ ബഹുമാനപ്പെട്ട അബ്രാഹം പുളിക്കലച്ചൻ അന്വേഷിച്ചപ്പോഴും മറ്റത്തിൽ മുത്തി വച്ച പള്ളിയെന്നാണ് മുതലക്കോടംകാർ പറഞ്ഞത്. 5) ഫിലിപ്പ് ജോർജ്ജ് ചങ്ങനാശേരി 1946-ൽ പ്രസിദ്ധീകരിച്ച കേരളചരിത്രഡയറക്ടറിയിൽ മുതലക്കോടം ചെമ്പരത്തിക്കൽ കുടുംബത്തിന്റെ വിവരണമുണ്ട് (പുറം 300-301). അതിൽ ചേർത്തിട്ടുള്ള വിവരണം 1946-നുമുമ്പ് പ്രസ്തുത കുടുംബത്തിലെ വിദ്യാസമ്പന്നർ എഴുതിക്കൊടുത്തിട്ടുള്ളതാണ്. അതിൽ പള്ളിസ്ഥാപനത്തെപ്പറ്റി പറഞ്ഞിട്ടില്ല. അതേസമയം, "ഈ കുടുംബക്കാരാണ് മുതലക്കോടം പള്ളിയുടെ ജീർണോധാരകർ പള്ളിക്ക് പുരയിടങ്ങളും നിലങ്ങളും ഈ കുടുംബക്കാർ ദാനമായി നല്കിയിട്ടുണ്ട്" എന്നിങ്ങനെ പ്രസ്താവിച്ചിട്ടുമുണ്ട് (പുറം 301). ജീർണോദ്ധാരണത്തെക്കുറിച്ചു മാത്രമേ പറഞ്ഞിട്ടുള്ളൂ. 6) പ്രസ്തുത കേരളചരിത്രഡയറക്ടറിയിൽ മുതലക്കോടം പള്ളിയുടെ ചരിത്രമുണ്ട് (പുറം 473-474). അതിൽ പറയുന്നത് കപ്പത്തിയാരമ്മ (മറ്റത്തിൽ മുത്തി) സ്ഥാപിച്ച പള്ളിയാണെ ന്നാണ്. 7) മറ്റത്തിൽ മുത്തിയെ ഒഴിവാക്കാനല്ലേ ആർപ്പാമറ്റത്ത് സ്ഥാപിച്ചുവെന്നു പറയുന്നതെന്ന് ആരും ചോദിച്ചുപോകും. 8) മറ്റത്തിൽ മുത്തിയുടെ സന്തതിപരമ്പരകളും സ്വന്തക്കാരും എല്ലാ വർഷവും നേർച്ച കഴിക്കാൻ വരുന്നുണ്ട്. "ഞങ്ങളുടെ മുത്തിവച്ച പള്ളി" എന്നാണ് അവർ പറയുന്നത്.

31. പി.ശങ്കുണ്ണിമേനോൻ, *തിരുവിതാംകൂർ ചരിത്രം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1973, പുറം 134, 159.

32. Rev. Jacob Kollaparambil. *The St. Thomas Christians' Revolution in 1653*, Catholic Bishops House, Kottayam, 1981, pp. 17, 22.

33. ഏഴാം മൗത്വാ ഏഴാം കൂടിവിചാരം (ആറാം മൗത്വാ ആറാം കൂടിവിചാരം) 21-ാം കാനോന.

34. ഡോ. ജോർജ്ജ് കുരുക്കൂർ, ഒരു വംശവും പല നാടുകളും, op.cit. പുറം 19, 84.

35. Jubilee Celebration Committee, *Bishop Tharayil Episcopal Silver Jubilee Souvenir, Kottayam*,1970 p. 182.

36. ibid p. 171. Cf. also Rev. H. Hosten, *Antiquities from San Thome and Mylapore, Diocese of Mylapur*, 1936, p. 363.

37. Cf. Antony Vallavanthara, *India in 1500 AD*, The narratives of Joseph the Indian, RISHI, Mannanam, 1984, p. 169.

38. Rev. Jacob Kollaparambil, *The St. Thomas Christians' Revolution in 1653*, op. cit. p. 22.

39. ഈ മണികളിലെ ലിഖിതങ്ങൾ 1973-ൽ ഈ ലേഖകൻ നേരിട്ടു വായിച്ചിട്ടുള്ളതും താലന്തു മാസികയിൽ പ്രസിദ്ധീകരി ച്ചിട്ടുള്ളതുമാണ്.

40. ചെമ്പരത്തി കുടുംബയോഗം, *ചെമ്പരത്തി കുടുംബവും മലനാടും*, op. cit. pp. 132, 154, 162, 163.

41. സത്യനാദകാഹളം 1877 വൃശ്ചികം 16, പുറം 48.

42. സത്യനാദകാഹളം 1878 കർക്കിടകം പുറം 112, 196, 197, 261, 272, 282, 319.

43. Abbe J.A. Dubois, *Hindu manners customs and ceremonies*. Third edition, Asian Educational Service, New Delhi, 1983 (first published in English in 1816), Prefatory by Max Muller p. XII.

44. ഫാ. ജോർജ്ജ് കുരുക്കൂർ, *ഒരു വംശവും പല നാടുകളും*, op. cit. പുറം 266.

45. ഒ.എം. വറുഗീസ്, *വാഴക്കുളം ഒരു ചരിത്രവീക്ഷണം*, വാഴക്കുളം, 1985, പുറം 560.

46. ചെമ്പരത്തി കുടുംബയോഗം, ചെമ്പരത്തി കുടുംബവും മലനാടും, op. cit. പുറം 153-154, 162-163, 182-183.

47. ബർണാർദ് തോമ്മാ, *മാർത്തോമ്മാ ക്രിസ്ത്യാനികൾ*, op. cit, Vol II, p. 333.

48. Cf. പി. കുര്യൻ, പ്രസാധകൻ, *മാർത്തോമ്മാ നസ്രാണികളുടെ സത്യവിശ്വാസം*, ഭാസ്കരപ്രസ്സ്, തിരുവനന്തപുരം 1908 പുറം 183-184.

49. Cf. റ്റി.കെ. വർക്കി, *കേരള മരിയ തീർത്ഥങ്ങൾ*, മാന്നാനം, 1955 പുറം 395, 396.

50. Cf. ബർണാർദ് തോമ്മാ op. cit. Vol II, മാന്നാനം, 1921, പുറം 260-261.